# വിളക്കുമരവും വെളിച്ചമഴയും

-രാജേന്ദ്രൻ എടത്തുംകര

ഒന്ന്

മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും ആധുനീകരണത്തിൽ സൃഷ്ടന്മുഖമായ സംഭാവനകൾ പ്രദാനം ചെയ്ത കടത്തനാട്ട് ഉദയവർമരാജ കവി, വിവർത്തകൻ, പത്രാധിപർ, സംഘാടകൻ, സാഹിത്യപുരസ്കർത്താവ്, പണ്ഡിതൻ, ഗദ്യകാരൻ എന്നിങ്ങനെ ബഹുവിതാനങ്ങളിലേക്കു പന്തലിച്ച സർഗ്ഗപ്രതിഭയുടെ ഉടമയായിരുന്നു.

ഉദയർവർമരാജയുടെ കൃതികൾ അദ്ദേഹം ജീവിച്ചിരുന്ന കാലത്തെ മലയാളസാഹിത്യത്തിന്റെ മുഖ്യധാരയിൽ നിന്നും പ്രകടമായ വ്യത്യാസം പുലർത്തുന്നവയല്ലെങ്കിലും ഫ്യൂഡലിസത്തിന്റെ സാഹിത്യ സങ്കൽപങ്ങളും കൊളോണിയൽ ആധുനികതയുടെയും നവോത്ഥാനത്തിന്റെയും സാഹിത്യമൂല്യനിർണയോപാധികളും തമ്മിലുള്ള സംഘർഷം അവയിൽ പ്രകടമാണ്. സാമൂഹികജീവിതത്തിലും സാഹിത്യത്തിലും ചരിത്രപരമായ പരിണാമങ്ങൾ സംഭവിച്ചുകൊണ്ടിരുന്ന ഒരു കാലത്താണ് അദ്ദേഹം ജീവിച്ചത്. ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെടുകയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുവേണ്ടി വാദിക്കുകയും ജാതിനിരപേക്ഷമായ പൊതുമണ്ഡലം രൂപപ്പെടുത്താൻ പ്രയത്നിക്കുകയും ചെയ്ത ഉദയർവർമരാജയുടെ ജീവിതത്തിലും കൃതികളിലും ആധുനികതയുടെ ചിഹ്നങ്ങൾ, അതുകൊണ്ടുതന്നെ, ദൃശ്യവുമാണ്. പഴമയുടെ

സ്വാംശീകരണവും പുതുമയുടെ സ്വീകരണവും അവയിലുണ്ട്. മലയാളസാഹിത്യത്തിൽ ഉദയവർമരാജയുടെ പ്രസക്തി അന്വേഷിക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

**രണ്ട്**

ഉദയവർമരാജയുടെ ജനനവും മരണവും സംബന്ധിച്ച് വിവിധഗ്രന്ഥങ്ങളിൽ നൽകിക്കാണുന്ന തീയതികൾ തമ്മിൽ പൊരുത്തമില്ല. കൊല്ലവർഷം 1040 കർക്കടകത്തിലെ അവിട്ടം നാളിൽ ജനനവും കൊല്ലവർഷം 1082 ചിങ്ങം 24നു മരണവും എന്ന് ഉള്ളൂർ നൽകുന്ന വിവരമാണ് പല ഗ്രന്ഥങ്ങളും അടിസ്ഥാനമാക്കിയിരിക്കുന്നത്. ഉള്ളൂർ നൽകുന്ന ജനനതീയതി അതേപടി സ്വീകരിക്കുന്ന വടക്കുംകൂർ രാജവർമ കൊല്ലവർഷം 1082 ചിങ്ങം 4 ആണ് ഉദയവർമയുടെ ചരമദിനമായി കാണിക്കുന്നത്. കൊല്ലവർഷം 1024 കർക്കടകം 3നു ജനനവും കൊല്ലവർഷം 1081 ചിങ്ങം 24നു മരണവുമെന്ന് പി.വി.കൃഷ്ണ വാരിയർ രേഖപ്പെടുത്തുന്നു. ഈ പൊരുത്തക്കേടുകൾക്കിടയിൽ ആശ്രയിക്കാവുന്ന ഒരേയൊരു സ്രോതസ്സ് കടത്തനാട്ടുകൃഷ്ണവാരിയർ വൈദർഭീവാസുദേവം നാടകത്തിനെഴുതിയ അവതാരികയിലാണ്. അതിൽ ഉദയവർമരാജയുടെ ചില ജീവചരിത്രക്കുറിപ്പുകളുണ്ട്. കവനോദയത്തിൽ പ്രസിദ്ധം ചെയ്തിട്ടുള്ള വൈദർഭീവാസുദേവം തർജ്ജമയുടെ അവതാരിക വായിച്ചാൽ ഉദയവർമരാജയെ കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുമെന്ന് കവിതാഭരണത്തിന്റെ അവതാരികയിൽ കാണുന്നതനുസരിച്ച് ആ വിവരണം വിശ്വസനീയമാണ്.

കൃഷ്ണവാരിയർ എഴുതുന്നു:

"ഒരായിരം സമകൾ നാൽപതിനോട്ടു രണ്ടും

ചേരാൻ കഴിഞ്ഞുളവു കർക്കടമായ മാസേ

നാലായനാളിലുളവാകിയൊരക്കുമാര
നാലംബമൂഴിയിതിന്നുദയാഭിധാനൻ.' .

കൊല്ലവർഷം 1042 കർക്കടകം 4 ആണ് ജനനതീയതി എന്നു വ്യക്തം. 1867 ജൂലൈ 17നു തുല്യമാണത്.

ഉദയവർമരാജയുടെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ട് സപ്തംബർ 15നു മലയാളമനോരമ ഒരു മുഖപ്രസം*ഗം* പ്രസിദ്ധീകരിച്ചിരുന്നു. "കടത്തനാട്ടു പോർളാതിരി ഉദയവർമ ഇളയതമ്പുരാ വർകൾ ഈ ചിങ്ങം 24-ാാം തീയതി ഞായറാഴ്ച രാത്രിയിൽ തീപ്പെട്ടുപോയിരിക്കുന്നു' എന്ന് ആ മുഖപ്രസംഗത്തിൽ മരണം സംഭവിച്ച തീയതി കൃത്യമായി നൽകിയിട്ടുണ്ട്. 1082 ചിങ്ങം 24നു തുല്യമായ 1906 സപ്തംബർ 9 ആണത്. അതായത് 1867 ജൂലൈ 17- 1906 സപ്തംബർ 9 എന്നതാണ് അദ്ദേഹത്തിന്റെ ജീവിതകാലം.

1867 ജൂലൈ 17നു ജനനം 1905 സപ്തംബർ 8നു മരണം കേരളസാഹിത്യഅക്കാദമിയുടെ സാഹിത്യകാര ഡയറക്ടറിയിലും അഖിലവിജ്ഞാനകോശത്തിലും നൽകിയിരിക്കുന്നതും 1865-190 എന്ന് വിശ്വവിജ്ഞാനകോശം, മലയാളസാഹിത്യ സർവസ്വം എന്നിവയിൽ കാണിച്ചിരിക്കുന്നതും ശരിയല്ല. പല ആധികാരിക ഗ്രന്ഥങ്ങളിലും ഉദയവർമരാജയുടെ ജീവിതകാലം പരാമർശിക്കുന്നിടത്ത് ഈ തെറ്റു സംഭവിച്ചിട്ടുണ്ട്. വിവർത്തനങ്ങളുൾപ്പെടെ പതിനൊന്നു കൃതികൾ ഉദയവർമരാജ രചിച്ചിട്ടുണ്ട്. ഇവയ്ക്കുപുറമെ ലക്ഷ്മീഭായ്, ഭാഷാപോഷിണി, മല യാളമനോരമ, കവനോദയം, ജനരഞ്ജിനി തുടങ്ങിയ പ്രസിദ്ധീകര ണങ്ങളിലെഴുതിയ മുക്തകങ്ങൾ, മംഗളാശംസകൾ, ഗദ്യലേഖനങ്ങൾ, കവിതകൾ തുടങ്ങിയവയുമുണ്ട്. ഇവ സമാഹരിക്കപ്പെട്ടിട്ടില്ല. കവനോദയം പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ അവതാരികകളിൽ ഏറെയും ഉദയർവർമരാജയുടെതാവാനാണ് സാധ്യത. കവനോദയം പ്രവർത്തകന്മാർ എന്ന പേരിലാണ് അവതാരികകൾ പ്രകാശിപ്പിച്ചത്

**ഉദയവർമ്മരാജയുടെ കൃതികൾ :**

1. ഹസ്തലക്ഷണദീപികയുടെ മലയാളവിവർത്തനം. മുദ്രണം; നാദാപുരം ജനരഞ്ജിനി. വർഷം: 1892

2. രസികഭൂഷണം ഭാണം: സംസ്കൃ ത്തിലാണ് ഈ ഗ്രന്ഥം, മുദ്രണം: നാദാപുരം ജനരഞ്ജിനി. വർഷം 1892.

3. സരസനാടകം: പ്രഹസനവിഭാഗത്തിൽപ്പെടുന്ന നാടകകൃതി. മുദണം: നാദാപുരം ജനരഞ്ജിനി. വർഷം: 1894.

4. കുചശതകം: നൂറുശ്ലോകങ്ങളുള്ള ഒരു കാവ്യം. ഒന്നാം പതിപ്പിന്റെ പ്രസാധനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ഈ കൃതിയുടെ ഒരു നിരൂപണം 1895 ഏപ്രിൽ4ന് പുറത്തിറങ്ങിയ മലയാളമനോരമയിൽ കാണുന്നതിനാൽ ആ വർഷമോ അതിനു തൊട്ടുമുമ്പോ ഒന്നാം പതിപ്പ് പുറത്തുവന്നു കാണും. രണ്ടാംപതിപ്പ് 1906ൽ പ്രസിദ്ധീകരിച്ചു. മുദ്രണം; തൃശ്ശൂർ കേരളചിന്താമണി

5. കവിതാഭരണം:സാഹിത്യശാസ്ത്രഗ്രന്ഥം. ഒന്നാംപതിപ്പ് 1897ൽ പുറത്തുവന്നു. മുദ്രണം: നാദാപുരം ജനരഞ്ജിനി. ഒന്നാം പതിപ്പിന്റെ അവതാരിക കവനോദയം പ്രവർത്തകന്മാർ തന്നെയാണ് എഴുതിയിരിക്കുന്നത്. രണ്ടാംപതിപ്പിന്റെ അവതാരിക കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻ തമ്പുരാന്റേതാണ്. മുദ്രണം: തൃശ്ശൂർ ഭാരതവിലാസം, വർഷം; 1905,

6.വൈദർഭീവാസുദേവം: സുന്ദരരാജാചാര്യരുടെ സംസ്കൃതനാടകത്തിന്റെ മലയാളവിവർത്തനം. പ്രസാധനത്തിന്റെ വിശദാംശങ്ങൾ ഈ ലേഖകനു ലഭിച്ചിട്ടില്ല. കവിതാഭരണം ഒന്നാം പതിപ്പിന്റെ അവതാരികയിൽ ഈ കൃതിയെക്കുറിച്ച് സൂചനയുള്ളതിനാൽ 1897ലോ അതിനു തൊട്ടു മുമ്പോ പ്രസിദ്ധീകരിച്ചുകാണും.

7.സദ്വൃത്തമാലിക; വൃത്തശാസ്ത്രഗ്രന്ഥം.

മുദ്രണം: കോഴിക്കോട് സ്പെക്റ്റേറ്റർ വർഷം :1900 –

8. പ്രിയദർശിക. ഹർഷന്റെ സംസ്കൃതനാടകത്തിന്റെ മലയാള വിവർത്തനം. കോഴിക്കോട് സ്പെക്റ്റേറ്റർ വർഷം :1901

9. രത്നാവലി: ഹർഷന്റെ സംസ്കൃതനാടകത്തിന്റെ മലയാളവി വർത്തനം. പ്രസാധകൻ: മാനേജർ, സത്യവ്രതൻ ഓഫീസ്, തളിക്കുളം. പ്രസിദ്ധീകരിച്ച വർഷം ഗ്രന്ഥത്തിൽ രേഖപ്പെടുത്തിക്കാണുന്നില്ല

10. കവികലാപം: ജീവചരിത്രലേഖനങ്ങളുടെ സമാഹാരം. പ്രസിദ്ധീകരണത്തിന്റെ വിശദാംശങ്ങൾ ഈ ലേഖകനു ലഭിച്ചിട്ടില്ല. 1905ലെ കവനോദയം ലക്കങ്ങളിൽ കവികലാപം പ്രസിദ്ധീകരിച്ചു കാണുന്നുണ്ട്. 1905ലോ അതിനുശേഷമോ ആയിരിക്കാം പ്രസാധനം.

11.ഭാരതമഞ്ജരി ആദിപർവം: സംസ്കൃതത്തിൽ നിന്നും വിവർത്തനം. ക്ഷേമേന്ദ്രന്റെ ബഹദ്കൃതിയായ ഭാരതമഞ്ജരി പലർചേർന്നു വിവർത്തനം ചെയ്തതിൽ ഉദയവർമരാജായ്ക്ക് ലഭിച്ചത് ആദിപർവമായിരുന്നു. ആദിപർവം മാത്രമായി പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്നറിയില്ല, ഭാരതമഞ്ജരി ഒന്നാം ഭാഗത്തിൽ ഈ വിവർത്തനമുണ്ട്. അതിന്റെ പ്രസാധനത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. ഭാരതമഞ്ജരിയുടെ മൂന്നാംഭാഗം 1906ലാണ് പുറത്തിറങ്ങിയത്. മുദ്രണം: കോഴിക്കോട് സ്പെക്റ്റേറ്റർ. 'പ്രതിമാസം ഓരോ ഖണ്ഡത്തിൽ ആയിരം ശ്ലോകത്തിൽ കുറയാതെ' എന്ന രീതിയനുസരിച്ച് നോക്കുമ്പോൾ 1905ൽ പ്രസിദ്ധീകരിച്ചിരിക്കണം എന്ന് അനുമാനിക്കാം.

നാട്യശാസ്ത്രപാരമ്പര്യത്തിനു കേരളത്തിൽ നിന്നു ലഭിച്ച ഏറ്റവും വിലയേറിയ ലക്ഷ്യമാണ് ഹസ്തലക്ഷണദീപിക എന്ന സംസ്കൃതി ഗ്രന്ഥം. കൂടിയാട്ടത്തിലും കഥകളിയിലും കൈമുദ്രകൾക്കടിസ്ഥാനമായി ഇന്നും സ്വീകരിച്ചുപോരുന്നത് ഈ ഗ്രന്ഥമാണ്. രണ്ടു പരിച്ഛേദങ്ങളിലായി അനുഷ്ടുപ്പ്വൃത്തത്തിൽ നൂറ്റി ഇരുപത്തിമൂന്ന് ശ്ലോകങ്ങളടങ്ങിയ ഹസ്തലക്ഷണദീപികയുടെ

കർത്താവിനെക്കുറിച്ച് സൂചനകളൊന്നുമില്ല. മലയാളത്തിൽ ഹസ്തലക്ഷണദീപിക വിവർത്തനം ചെയ്യുന്നത് കടത്തനാട്ട് ഉദയവർമരാജയാണ്. 'കലാ സങ്കേതങ്ങളെക്കുറിച്ച് മലയാളത്തിൽ ഗ്രന്ഥങ്ങളൊന്നും ലഭ്യമല്ലാതിരുന്ന കാലത്താണ് ഈ വിവർത്തനം. സംസ്കൃതഭാഗങ്ങൾ മലയാളലിപിയിൽ നൽകിയതിനുശേഷമാണ് അതിന്റെ വിവർത്തനം ചേർത്തിരിക്കുന്നത്. ഗ്രന്ഥത്തിന്റെ തുടക്കത്തിൽ ഒരു അവതാരികയും ഗ്രന്ഥകർത്താവ് എഴുതിച്ചേർത്തിട്ടുണ്ട്. കലയെ തൊഴിൽരഹസ്യമായി സംരക്ഷിക്കുന്ന ഫ്യൂഡൽ പാരമ്പര്യത്തിന്റെ തിരസ്കാരം അവതാരികയി ദൃശ്യമാണ്. ശാസ്ത്രീയമായ അഭിനയസങ്കേതങ്ങളെയും കേവലം കോലംകെട്ടി തുള്ളുന്നതിനെയും ഒരേപോലെ കാണേണ്ടിവരുന്ന സാധാരണക്കാർക്കുവേണ്ടിയാണ് വിവർത്തനം നിർവഹിച്ചിരിക്കുന്നതെന്ന് അവതാരികയിൽ എടുത്തുപറയുന്നുണ്ട്. കലയെ ജനകീയമാക്കുക എന്നും സങ്കേതജടിലമായ അതിന്റെ അവതരണരീതിയെക്കുറിച ഇത്താനം ഒരു പരിമിതവൃത്തത്തിൽ നിന്നും മോചിപ്പിക്കുക എന്നുമാണ് ഹസ്തലക്ഷണദീപികയുടെ വിവർത്തനം മുന്നോട്ടുവെയ്ക്കുന്ന സങ്കൽപം. ഉദയവർമരാജയുടെ ഇരുപത്തിനാലാമത്തെ വയസ്സിലാണ ഈ വിവർത്തനം പുറത്തുവന്നത്.

ഹസ്തലക്ഷണദീപികയ്ക്ക് ഗ്രന്ഥകാരൻ എഴുതിയ അവതാരിക.അതേപടി താഴെക്കൊടുക്കുന്നു:

നാട്യശാസ്ത്രം ജനങ്ങൾക്ക് അറിവിനെയും രസത്തെയും കൊടുക്കുന്നതാണെന്ന സർവജനസമ്മതമാണല്ലോ. എന്നാൽ ആയതിന്റെ പരിജ്ഞാനം ലേശംപോലുമില്ലാത്തവർക്ക് വെണ്ടപ്പെട്ട എണ്ണങ്ങളൊടുകൂടി കളിക്കുന്നതും ഭൂതംകെട്ടി തുള്ളുന്നതും വളരെ വ്യത്യാസമായി തോന്നുന്നതല്ല. അതിനാൽ അല്പമെങ്കിലും അതിൽ

ജനങ്ങക്ക് അറിവുണ്ടായിരിക്കേണ്ടത് ആവശ്യമാണെന്ന് വിചാരിക്കുന്നു. അതിനു വേണ്ടി നാട്യ ശാസ്ത്രത്തിന്റെ ഒരംഗമായ കൈമുദ്രകളുടെ വിവരത്തെ കാണിക്കുന്നതായ ഈ ചെറുപുസ്തകത്തെ അച്ചടിപ്പിക്കുവാൻ നിശ്ചയിച്ചതാണ്. മലയാളികൾക്ക് എളുപ്പത്തിൽ അർത്ഥം മനസ്സിലാക്കുവാൻ വേണ്ടി മലയാളത്തിൽ ഒരു വ്യാഖ്യാനവും ചേർത്തിട്ടുണ്ട്. ഈ പുസ്തകം വളരെ അപൂർവ്വമാകയാൽ മറ്റു പുസ്തകങ്ങളുമായി ഒത്തു നോക്കുവാനും ചില അസൌകര്യങ്ങളാൽ അച്ചടി പരിശോധിപ്പാനും സംഗതി വരായ്കയാൽ അല്പം ചില തെറ്റുകൾ വന്നു പോയിട്ടുണ്ട്. രണ്ടാമതു അച്ചടിക്കുമ്പോൾ അതുകൾ പരിഷ്കരിക്കുന്നതാണ്.

ഇതിന്റെ രണ്ടാംപതിപ്പ് ഇറങ്ങിയതായി അറിവില്ല. 'വളരെ അപൂർവമായ' തേടിപ്പിടിച്ച് പുനഃപ്രസിദ്ധീകരിക്കുന്നത് അക്കാലത്തെ ഭാഷാഗവേഷകന്മാരുടെ പ്രധാന ഉത്തരവാദിത്തമായിരുന്നു. ഇന്ന് നമ്മുടെ സാഹിത്യചരിത്രത്തിന്റെ ഭാഗമായി മാറിയ പല കൃതികളും വീണ്ടെടുക്കുന്നതും പ്രസിദ്ധീകരിക്കുന്നതും അവരാണ്. ഭാഷാചരിത്രത്തിൽ വിട്ടു പോകുമായിരുന്ന ചില ഏടുകൾ അവരുടെ ശ്രമഫലമായാണ് നിലനിന്നു പോയത്. കടത്താനാട്ടു ഉദയവർമ്മ രാജയുടെ നേതൃത്വത്തിൽ ഇങ്ങനെ ഒട്ടേറെ കൃതിൾ പുനഃപ്രകാശനം ചെയ്യപ്പെട്ടിട്ടുണ്ട്. മലയാള സാഹിത്യ ചരിത്രത്തിൽ അദ്ദേഹത്തിന്റെ സ്ഥാനം അങ്ങനെയൊരു സംഭാവനയുടെ പേരിലും വ്യതിരിക്തമാകുന്നുണ്ട്. രസികഭൂഷണം സംസ്കൃതത്തിൽ എഴുതപ്പെട്ട ഭാണമാണ്. രൂപത്തിന്റെ പത്ത് വിഭാഗങ്ങളിലൊന്നാണ് ഭാണം. തന്റെ അനുഭവം പ്രകാശിപ്പിക്കുന്നതും അന്യരെപ്പറ്റിയുള്ള വർണനകളുൾക്കൊള്ളുന്നതും വിവിധ വിഷയങ്ങളെ അവലംബിച്ചുകൊണ്ടുള്ളതുമാണ് ഭാണം. ഇതിൽ എല്ലാവരുടെയും ഭാഗം ഒരാൾ തന്നെയാണ് അഭിനയിക്കുന്നത്."ഭാണത്തിലെ

ശ്ലോകങ്ങൾക്ക് ഭംഗിയുണ്ട്" എന്ന് ഉള്ളൂർ ഈ കൃതിയെ പ്രശംസിച്ചിരിക്കുന്നു. വടക്കുംകൂറിന്റെ കേരളീയ സംസ്കൃത സാഹിത്യചരിത്രത്തിൽ രസികഭൂഷണത്തെക്കുറിച്ച് ഒരു ലഘു ചർച്ച ചേർത്തിട്ടുണ്ട്.ഉദയവർമരാജ സംസ്കൃതത്തിൽ രചിച്ച ഒരേയൊരു കൃതിയാണിതെങ്കിലും പത്തൊൻപതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമായി കടത്തനാട്ടു നിന്നു സംസ്കൃത സാഹിത്യത്തിനു ലഭിച്ച സംഭാവനകളിൽ രസികഭൂഷണം ഒട്ടും പിന്നിലല്ല. 1824ൽ കടത്തനാട്ടു ശങ്കരവർമരാജ രചിച്ച സദ്രത്നമാലയാണ് പത്തൊൻപതാം നൂറ്റാണ്ടിൽ കടത്തനാട്ടുനിന്നു പപ്പെടുന്നവയിൽ എടുത്തുപറയേണ്ട ആദ്യകൃതി. 1845നും 1909 ഇടയിൽയിൽ ജീവിച്ച ലക്ഷ്മിത്തമ്പുരാട്ടിയുടെ സന്താനഗോപാലം, ഭാഗവതസംക്ഷേപം എന്നീ കൃതികളും പ്രത്യേക പരാമർശമർഹിക്കുന്നു. മൂന്നു കാണ്ഡങ്ങളിലായി രചിച്ച സന്താനഗോപാലം ട്യൂറിൻ സർവ്വകലാശാലയിലെ പ്രൊഫസർ മാരിയോ വലൗരി ഇറ്റാലിയൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. 1871നും 1913നും ഇടയിൽജീവിച്ച രവിവർമരാജയുടെ അന്യാപദേശശതകവും ഇക്കൂട്ടത്തിൽ പരാമർശിക്കേണ്ട കൃതിയാണ്.

കാഞ്ചീപുരത്തു നിന്നെത്തിയ സംസ്കൃതപണ്ഡിതനായ വെങ്കടചാര്യരായിരുന്നു ഉദയവർമരാജയുടെ ഗുരു. അതിനുമുമ്പ് കുന്ദമംഗലത്ത് പരമേശ്വരൻ നമ്പൂതിരിയും ആയഞ്ചേരി കോവിലകത്ത് കൃഷ്ണവർമരാജയും അദ്ദേഹത്തെ സംസ്കൃതം പഠിപ്പിച്ചു. വെങ്കടാചാര്യർ പിൽക്കാലത്ത് ചണ്ഡമാരുതൻ എന്ന പേരിലാണ് പ്രശസ്തനായത്. –

അറുപത്തിയാറ് പദ്യങ്ങൾ അടങ്ങിയ രസികഭൂഷണം ലോകമലയാർ കാവിലെ ഭഗവതിയുടെ യാത്രോത്സവത്തിൽ സംബന്ധിച്ചിരിക്കുന്ന വിദ്വജ്ജനങ്ങളുടെ പ്രീതിക്കുവേണ്ടിയാണ് അഭിനയിക്കുന്നതെന്ന് വടക്കുംകൂറിന്റെ വിവരണത്തിൽ നിന്നും

മനസ്സിലാക്കാം. സരസനാടകത്തിന്റെ ഒരു പ്രതി മദ്രാസ് ആർക്കൈവ്സിലുള്ളതായി സാഹിത്യഅക്കാദമി പ്രസിദ്ധീകരിച്ച മലയാളഗ്രന്ഥസൂചിയിൽ കാണുന്നുണ്ട്. "സരസനാടകം കവി വിനോദത്തിനായി എഴുതിയ ഒരു ഏകാങ്കനാടകമാണ്. ഒരു സരസനും അദ്ദേഹത്തിന്റെ വിദൂഷകനുംകൂടി ഒരു പട്ടണം ചുറ്റി സഞ്ചരിച്ചപ്പോൾ കണ്ട കാഴ്ചകൾ മാത്രമാണ് അതിൽ വിവരിച്ചിരിക്കുന്നത് എന്ന് ഉള്ളൂർ എഴുതുന്നു. കുചശതകം ഫ്യൂഡൽ സാഹിത്യാഭിരുചിയെ മുൻനിർത്തി രചിച്ച കൃതിയാണെന്ന് ഗ്രന്ഥനാമത്തിൽ നിന്നു തന്നെ വ്യക്തമാകുന്നുണ്ട്. കടത്തനാട്ട് ഉദയവർമരാജയെ പരാമർശിക്കുമ്പോൾ വെൺമണിപ്രസ്ഥാനത്തിൽപ്പെട്ട കവി എന്നു സാഹിത്യചരിത്രകാരന്മാരെക്കൊണ്ട് പറയിപ്പിച്ചതിന് പിറകിലെ പ്രധാന നിഗമനം ഈ കൃതിയുടെ പ്രസാധനം തന്നെയായിരിക്കണം. ഈ കൃതിയെ പ്രശംസിച്ച് കേരളവർമ വലിയ കോയിത്തമ്പുരാൻ മലയാളമനോരമയിൽ എഴുതിയിട്ടുണ്ട്. മഹിളാളി മഹാസ്പദങ്ങളുടെ രീതിയിലാണ് രചനയെന്ന് ഉള്ളൂർ ഉദ്ധരിക്കുന്ന ഒരു ശ്ലോകത്തിൽ നിന്നുംമനസ്സിലാക്കാം.

"നാരങ്ങയ്ക്കുള്ളൊരു
നൽച്ചാരുത
മോഷ്ടിച്ച
മുലകളല്ലെങ്കിൽ
പാരം
ത്രപയോടെന്തിന്
ചേരുന്നു മുണ്ടിലൊളിവായി?'

ഉദയവർമരാജയുടെ ആദ്യകാലകൃതികളിലൊന്നാണ് കുചശതകം: പിന്നീടുള്ള അദ്ദേഹത്തിന്റെ സാഹിത്യജീവിതത്തിൽ ഈ ഗണത്തിൽപ്പെട്ട മഹിളാളി മഹാസ്പദങ്ങളൊന്നും കാണുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നു. ബൃഹത്തായ സ്വതന്ത്രകവനങ്ങൾപോലും പിന്നീട് കാണുന്നില്ല. പത്രപ്രവർത്തനവും

സാഹിത്യശാസ്ത്രവും വിവർത്തനവും മറ്റുമായി ഗൗരവതരമായ ഒരു സാഹിത്യജീവിതമാണ് പിൽക്കാലത്തേത്. ഫ്യൂഡലിസത്തിന്റെ നോട്ടപ്പാടുകൾ നിറഞ്ഞഅഭിരുചിയുടെ കാലത്തെ രചന എന്നുമാത്രമേ കുചശതകത്തെപ്പറ്റി പറയാൻപറ്റൂ. വൈദർഭീവാസുദേവം നാടകവിവർത്തനത്തിന് കടത്തനാട്ട് കൃഷ്ണവാരിയരെഴുതിയ അവതാരിക പി.വി.കൃഷ്ണവാരിയർ തന്റെ ലേഖനത്തിൽ ഉദ്ധരിക്കുന്നുണ്ട് എന്നതൊഴിച്ചാൽ ആ കൃതിയെക്കുറിച്ച് എന്തെങ്കിലും ചർച്ചകൾ എവിടെ നിന്നും ലഭ്യമല്ല. 'തർജ്ജമയു മർമംകണ്ടറിഞ്ഞ മന്നാടിയാരെ കഴിച്ചാൽ ലളിതപദവിന്യാസം കൊണ്ട് ആകർഷകമായും സുഗമമായും ആ പദ്ധതിയെ അനുസരിച്ചിട്ടുള്ളത് കവിരാജനായ കടത്തനാട്ട് ഉദയവർമരാജാവാണ്' എന്ന് രത്നാവലിയുടെ മുഖവുരയിൽ പറയുന്നുണ്ട്. വൈദർഭീവാസുദേവം ഉൾപ്പെടെയുള്ള വിവർത്തനങ്ങളെ കണക്കിലെടുത്തു കൊണ്ടാകണം ആ പ്രസ്താവന. ഭാരതമഞ്ജരി ആദ്യപർവത്തിൽ ആയിരത്തഞ്ഞൂറോളംശ്ലോകങ്ങൾ ഉദയവർമരാജാ വിവർത്തനം ചെയ്തുവെന്ന് പി.വി.ക ഷ്ണവാരിയർ എഴുതുന്നുണ്ട്.

മലയാളത്തിൽ പുറത്തിറങ്ങിയ ആദ്യകാല സാഹിത്യശാസത്ര ഗ്രന്ഥങ്ങളിലൊന്നാണ് കവിതാഭരണം, ഈ വിഷയത്തിൽ ഗദ്യത്തിലെഴുതിയ ആദ്യമലയാളകൃതി ഇതായിരിക്കുമെന്നു തോന്നുന്നു. കവിതാനിർമാണവിവരണം എന്നുകൂടി പേരു നൽകിയിട്ടുള്ള ഈ കൃതി സംസ്കൃതത്തിലെ കവിശിക്ഷാഗ്രന്ഥങ്ങളുടെ ചുവടുപിടിച്ചെഴുതിയതാണെങ്കിലും മലയാളത്തിന്റെ ആധുനികീകരണത്തെ അഭിസംബോധന ചെയ്യുന്ന ചില ഭാഗങ്ങൾ ഇതിനെ വ്യത്യസ്തമാക്കുന്നുണ്ട്. നാല്അധ്യായങ്ങളിൽ ആദ്യത്തേത് കാവ്യസ്വരൂപനിരൂപണവും രണ്ടാമത്തേത് കവിതാഭ്യാസസമ്പ്രദായവിവരണവും മൂന്നാമത്തേത് കാവ്യസാമഗ്രികളുടെ വിവരണവും അവസാനത്തേത് ചില പരമ്പരാഗതനിയമങ്ങളെക്കുറിച്ചുള്ള വിവരണവുമാണ്.

പൊട്ടും പറ്റിച്ച നെറ്റിത്തടമതിലടവിൽ കുന്തലും കെട്ടിയിട്ടിട്ടർണ്ണോജക്കണ്ണിമാർക്കായ് കളിയതുപലതും വെണ്ണയുണ്ണാൻ നടിക്കും കോടക്കാറോട്ടുകൂടിപ്പട പൊരുതീടുമക്കാന്തികൂടുന്ന ദേവൻ ചിത്തേചീർത്തൊരു മുത്താത്തിടതടവുപെടാതെന്നുമേ പാർത്തിടേണം' എന്ന മംഗളശ്ലോകത്തോടെയാണ് ഗ്രന്ഥാരംഭം."കാവ്യത്തിന്റെ മുഖ്യമായ ഉദ്ദേശം ഇന്നതുചെയ്യണമെന്നും ഇന്നതു ചെയ്യരുതെന്നുമുള്ള കൃത്യാകൃത്യോപദേശമാകുന്നു. വേദപുരാണാദികളുടെയും ഉദ്ദേശം ഇതുതന്നെയാണെങ്കിലും ജനങ്ങളുടെ മനസ്സിൽ ഫലിക്കുന്നതിനു വളരേ വ്യത്യാസമുണ്ട്. കൃത്യാകൃത്യങ്ങളിന്നതാണെന്നും അതുകളേ തെറ്റിനടന്നാൽ ഇന്നിന്ന ശിക്ഷകൾ അനുഭവിക്കേണ്ടിവരുമെന്നും ഒരു രാജാവിനെ പോലേയോ സ്നേഹിതനേ പോലേയോ നമുക്ക് അറിവുതരികയാണ് വേദപുരാണാദികൾ ചെയ്യുന്നത്. എന്നാൽകാവ്യമോഒരു ഇഷ്ടഭാര്യയെപ്പോലെസരസവാക്കുകളേ കൊണ്ട് കർത്തവ്യതർമങ്ങളിൽ നമുക്ക് അഭിരുചിയും അകൃത്യങ്ങളിൽ വിമുഖതയും ഉണ്ടാക്കി തീർക്കുന്നു' എന്ന് മമ്മടാചാര്യരെ അനുകരിച്ച സാഹിത്യ പ്രയോജനത്തെക്കുറിച്ച ചിന്തിച്ചുകൊണ്ടാണ് തുടക്കം.

കാവ്യസ്വരൂപത്തെക്കുറിച്ച പറയുന്നിടത്ത് 'വാക്യം രസാത്മകംകാവ്യം' എന്ന വിശ്വനാഥന്റെ നിർവചനവും "രസാദിമദ് വാക്യം കാവ്യം' എന്ന അലങ്കാരശേഖരത്തിലെ നിർവചനവുമാണ്നിയാമമകുന്നത്."രസം കൊണ്ടോ അലങ്കാരം കൊണ്ടോ സഹൃദയന്മാരുടെ മനസ്സിന്നാനന്ദത്തെ ജനിപ്പിക്കുന്നതായി സാർത്ഥമായിരിക്കുന്ന വാക്യം കാവ്യമാകുന്നു' എന്നാണ് കവിതാഭരണത്തിലെ കാവ്യനിർവച*നം*. പൂന്തോട്ടത്ത് അച്ഛൻ നമ്പൂതിരിയുടെ"പൂമെത്തമേലെഴുന്നേറ്റിരുന്നുദയിതേ' എന്ന ശ്ലോകം രസപ്രധാനമായ കാവ്യത്തിനും 'നെഞ്ചിര പാലെന്നുറച്ചിട്ടു കിഞ്ചിൽ ബാലന്നു നൽകൊലാ/കൊഞ്ചുംനിൻ ചിരിതൻ കാന്തി തഞ്ചുന്ന ജലമാണിത്' എന്ന ശ്ലോകം അലങ്കാരപധാനമായ കാവ്യത്തിനും ഉദാഹരണമായി കൊടുത്തിരിക്കുന്നു. രസാലങ്കാരങ്ങളോട്ടുകൂടിയ

കാവ്യത്തിന് അമരുകശതകത്തിന്റെമലയാള വിവർത്തനം കേരളവർമ വലിയകോയിത്തമ്പുരാൻ നിർവഹിച്ചതിൽനിന്നുമാണ് ഉദാഹരണം."മയ്യൽക്കണ്ണീ നിനക്കേറുമൊരഴക മുലക്കച്ചെക്കുടാതെ തന്നെ' എന്നാരംഭിക്കുന്ന ആ ശ്ലോകം സംഭോഗശ്യം ഗാരത്തിനുദാഹരണമായി എ.ആർ.രാജരാജവർമയുടെ ഭാഷാഭൂഷണത്തിലുമുണ്ട്.

കാവ്യനിർവചനംനൽകുന്നിടത്ത് മലയാളത്തിന്റെ ആധുനികീകരണത്തെയും ഉദയവർമരാജ ഉൾക്കൊള്ളുന്നുണ്ട്. "രഘുവംശാദി പദ്യഗ്രന്ഥങ്ങൾക്കു മാത്രമേ കാവ്യത്വമുള്ളൂഎന്നു പലരും തെറ്റായിധരിച്ചിട്ടുണ്ട്. പദ്യം മാത്രമേ കാവ്യമാകുകയുള്ളൂഎന്നു യാതോരുനിർബന്ധവുമില്ല. മുൻപറഞ്ഞ ലക്ഷണത്തോടുകൂടിയതു പദ്യമായാലും വേണ്ടതില്ല. ഗദ്യമായാലും വേണ്ടതില്ല. പദ്യത്തിന്നു തന്നെ കാവ്യത്വമുള്ളൂ എന്നു വരുന്നപക്ഷം കാദംബരി മുതലായ സംസ്കൃതഗ്രന്ഥങ്ങളും ഇന്ദുലേഖ മുതലായ മലയാളഗ്രന്ഥങ്ങളും കാവ്യങ്ങളല്ലാതെ വന്നു പോകും. അങ്ങിനെ ഒരിക്കലും വന്നുതുമല്ല. വരാൻ പാടുള്ളതുമല്ല. സംസ്കൃതത്തിൽ സാധാരണമായ ഒരു യുക്തിയുടെ സ്ഥാപനത്തിന് ഇന്ദുലേഖയെക്കൂടി വിഷയമാക്കുന്നിടത്ത് അദ്ദേഹത്തിന്റെ ഉൾക്കാഴ്ചയുടെ ആഴം ദർശിക്കാവുന്നതാണ്. കാവ്യത്തെ ഗദ്യമയം, പദ്യമ യം, ഗദ്യപദ്യമയം എന്നു വിഭജിച്ചതിനുശേഷം ഗദ്യപദ്യമയത്തിൽ ചൂർണ്ണം, ദേശ്യം, മിശ്രം എന്നീ ഭേദങ്ങളെക്കുറിച്ചുപറയുന്നു. ദേശ്യ ത്തിനു നൽകിയ ഉദാഹരണം രസകരമാണ്: "എടാ തെമ്മാടി, കടന്നു ഫോ. തുമ്പില്ലാതെ ചെലച്ചും കൊണ്ട് നിൽക്കുന്നത്. പെരടിക്കു രണ്ടു കിട്ടണം. അതാ എനി വേണ്ടത്.' മിശ്രം എന്ന വിഭാഗത്തിൽ സംസ്കൃതവും മലയാളവും തമ്മിലുള്ള ചേർച്ചക്കുപുറമേ, മലയാളത്തിൽ ആ ദ്യമായി, ഇംഗ്ലീഷും മലയാളവും തമ്മിലുള്ള ചേർച്ചയേയും പരിഗ ണിക്കുന്നു. ഈ രണ്ടിടത്തും വ്യവസ്ഥാപിത കാവ്യശിക്ഷയുടെ സങ്ക ൽപ്പനത്തിൽ നിന്നും കവിതാഭരണം വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണാം. അർഥചിത്രം എന്നൊരു വിഭാഗം കാവ്യത്തെക്കുറിച്ചു പറ യുന്നിടത്തു

കാണിച്ച 'നഷ്ടം നിശ്ശേഷമായ് പോർമുലയിൽ മലയജം' എന്നാരംഭിക്കുന്ന ശ്ലോകം ഭാഷാഭൂഷണത്തിൽ മറ്റൊരു സന്ദർഭത്തിനു ദാഹരണമായി കാണിച്ചപ്പോൾ സ്വന്തം രചന എന്നാണ് എ.ആർ. എഴുതിയിരിക്കുന്നത്. എ.ആറിന്റെ രചന ഉദയവർമരാജ ഉപയോഗിച്ചതിന്റെ സ്രോതസ്സ് വ്യക്തമല്ല.

കാവ്യനിർമാണത്തിനു പ്രയത്നിക്കുന്നവർക്കുള്ള അഭ്യാസങ്ങളും ഉപദേശങ്ങളുമാണ് രണ്ടാം അധ്യായത്തിന്റെ പ്രമേയം. ഒരിടത്തുപറയു ന്നു:"രാത്രിയുടെ നാലാമത്തെ യാമവും വിജനമായ ദേശവുമാണ്കവിതാനിർമാണപരിശീലനത്തിനുള്ള കാലദേശങ്ങൾ. ബുദ്ധിയുടെഉന്മേഷത്തിനും ഏകാഗ്രതക്കും ഇതുകൾ വളരെ നല്ലതാണ്.' കവി കൾ അറിയേണ്ടുന്ന സംഗതികളെക്കുറിച്ചു പറയുന്ന മൂന്നാമധ്യായ ത്തിൽ മലയാളഭാഷയുടെ തത്കാലസ്ഥിതിയെപ്പറ്റി ഇങ്ങനെയൊരു നിരീക്ഷണമുണ്ട്:"മലയാളഭാഷയിൽ സർവസമ്മതമായിട്ട് ഒരു വ്യാകരണം ഇതുവരെയും ഉണ്ടായിട്ടില്ലാത്ത ഈ നിലയിലും അതിനുമായിട്ടുതന്നെ ചിലരെല്ലാം കവിതയുണ്ടാക്കിവരുന്നതിനെ വിചാരിച്ചാൽകവിതക്കാർക്കു വ്യാകരണത്തിന്റെ ആശ്രയം അത്കൂടിയേ കഴിഎന്നില്ലെന്നു വല്ലവർക്കും ഒരു സമയം ആക്ഷേപമുണ്ടായിരിക്കുംഎന്നാൽ ഈ ആക്ഷേപം അത്രമാത്രം സ്വീകരിക്കത്തക്കതോവിക വെക്കത്തക്കതോ ആണെന്നു തോന്നുന്നില്ല. ഏതൊരു ഭാഷയിലുംപ്രയോഗാനന്തരമല്ലാതെ ശാസ്ത്രോല്പത്തിക്കവ കാശമില്ലാത്തതാകൊണ്ട് അപൂർണമായിക്കിടന്നിരുന്ന മലയാള ഭാഷയിൽ തക്കതായ വ്യാകരണം മുതലായതുണ്ടാവാത്തതിനേ പ്പറ്റി അത്ഭുതപ്പെടുവാനില്ല.' വ്യാവഹാരിക പ്രയോഗങ്ങളാണ് അടിസ്ഥാനം എന്ന നിരീക്ഷണംഎത്രമാത്രം പുതുമയുള്ളതാണെന്നു നോക്കുക.

ഇതേ അധ്യായത്തിൽ തർക്കശാസ്ത്രത്തെപ്പറ്റിപ്പറയുന്നിടത്തും ആധുനികതയുടെ യുക്തി സംജാതമാകുന്നു: 'ഇംഗ്ലീഷ് ഭാഷയിൽ സയൻസ് എന്ന് പറയപ്പെടുന്ന തത്വശാസ്ത്രം മുതലായ എല്ലാ യുക്തിശാസ്ത്രങ്ങളേയുംഈവകുപ്പിൽത്തന്നെ

ഉൾപ്പെടുത്താവുന്നതാണെന്നാണ് എന്റെ അഭിപ്രായം.' ഭാഷാന്തരത്തെക്കുറിച്ച് ചർച്ച ചെയ്യു മ്പോഴും ഇംഗ്ലീഷ് ഭാഷാ പ്രേമം വെളിവാകുന്നുണ്ട്: 'മുമ്പു തർജമചെയ്തു പരിചയിക്കണമെന്നു പറഞ്ഞതുകൊണ്ടു സംസ്കൃതം അത്യന്താവശ്യമാണെന്നു അനുക്തസിദ്ധമായിരിക്കുന്നുവല്ലോ. പിന്നെ അതുപോലെത്തന്നെ ഏറ്റവും ആദരണീയമായിട്ടുള്ളത് ഇംഗ്ലീഷ് ഭാഷയാകുന്നു. കാലാവസ്ഥ കൊണ്ടുമാത്രമല്ല അറിയേണ്ടുന്നതായ അനവധി സംഗതികൾ അടങ്ങീട്ടുള്ളതുകൊണ്ടും ഈ ഭാഷയിലുള്ള പരിശ്രമം വളരേ ആവശ്യമാണെന്നു സകലരും സംശയം കൂടാതെ സമ്മതിക്കുന്നതാണ്.' സംസ്കൃതത്തോടൊപ്പം ഇംഗ്ലീഷിനും സ്ഥാനമനുവദിക്കുന്ന ഈ ഉദാരതയുടെ ഉല്പത്തിഹേതു കൊളോണിയൽ ആധുനികതയുടെ ജ്ഞാനമണ്ഡലം തന്നെയാണ്. "ഇംഗ്ലീഷ് ഭാഷ സ്വപ യം കൊണ്ടു മൂടിക്കുലേഷൻ പരീക്ഷയ്ക്ക് ചേരത്തക്കവണ്ണം പഠിച്ചു വെങ്കിലും ആ പരീക്ഷയ്ക്ക് കൂടിയില്ല' എന്ന് ഉള്ളൂർ അദ്ദേഹത്തിന്റെ ഇംഗ്ലീഷ് പരിജ്ഞാനത്തിനു നൽകിയ സാക്ഷ്യപത്രം ഓർക്കുക. സാമാന്യ കവിസങ്കേതങ്ങളെക്കുറിച്ച് വിശദീകരിക്കുന്ന നാലാമധ്യായം ക്ലാസിക്കൽ സാഹിത്യാഭിരുചിയുടെ ബഹിർസ്ഫുരണമാണ്. കവിതാഭരണം എന്ന സാഹിത്യശാസ്ത്രഗ്രന്ഥം ആധുനികതയുടെ അഭി രുചികളും ക്ലാസിക്കൽ രുചിഭേദങ്ങളും ഇടകലർന്ന് മലയാളസാഹിത്യത്തിൽ സംജാതമായിക്കൊണ്ടിരുന്ന ഒരു പുതിയ ഘട്ടത്തെകുറഞ്ഞ അളവിലെങ്കിലും പ്രതിഫലിപ്പിക്കുന്നുണ്ട്.

മലയാളത്തിലെ ആദ്യത്തെ വൃത്തശാസ്ത്രഗ്രന്ഥമാണ് സദ്വൃത്തമാലിക. കോവുണ്ണി നെടുങ്ങാടിയുടെ കേരളകൗമുദിയിൽവൃത്തങ്ങളെക്കുറിച്ച് ഒരു ലഘുവിവരണം മാത്രമേ ഉണ്ടായിരുന്നുള്ളൂ. സദ്യത്തമാലിക വൃത്തശാസ്ത്രത്തെ ആധികാരികമായിത്തന്നെ സമീപിക്കുവന്നുണ്ട് നാല് അധ്യായങ്ങളു___ ഈ ഗ്രന്ഥത്തിൽ ദണ്ഡകങ്ങൾ ഉൾപ്പെടെ നൂറ്റിയെട്ട് സംസ്കൃത

വൃത്തങ്ങളുടെയുംപതിനൊന്നു ഭാഷാ വൃത്തങ്ങളുടെയും ലക്ഷ്യ ലക്ഷണങ്ങൾ നൽകിയിരിക്കുന്നു.

"ചൊല്ലാർന്ന ലോകമലയാർ നിലയത്തിൽ മേവും

മല്ലാക്ഷിയാം ഗിരിജതൻ കരുണാകടാക്ഷം

ഉല്ലാസമോടിവനിലൊന്നു പതിഞ്ഞുനിന്നു

വല്ലായ്മ നീക്കിവിളയാടുക സർവ്വകാലം

ചൊൽക്കൊണ്ട സംസ്കൃതമതാമൊരുവാരിരാശി

ക്കുൾക്കൊണ്ട വൃത്തിനിരയാകിയ രത്നജാലം

ഇക്കേരളീയ ജനതക്കുപകാരമാക്കി

ത്തീർക്കേണ്ടതിന്നു തുനിയുന്നിതു ഞാനിദാനീം'

എന്ന ആമുഖശ്ലോകങ്ങളോടെയാണ് ഗ്രന്ഥാരംഭം. "ഗുരു, ലഘു എന്നിങ്ങനെ അക്ഷരങ്ങളെല്ലാം രണ്ടുവിധമായിട്ടാണുള്ളത്. അനുസ്വാര വിസർഗങ്ങളോടുകൂടിയതും ദീർഘങ്ങളായിട്ടുള്ളതും സംയുക്താക്ഷര ങ്ങളുടെ മുമ്പിൽ വരുന്നതുമായ അക്ഷരങ്ങളൊക്കെയും ഗുരു ക്കളാകുന്നു' എന്നിങ്ങനെ വൃത്തശാസ്ത്ര പരിചിന്തനം ആരംഭിക്കുന്നു.

"പ(രം)ശി(ര)പ്രണാ) (മ) ത്തെ

ഗിരിരാജസുതെക്കു

ഞാൻ കരംകൂപ്പീട്ടുചെയ്യുന്നു

വരം നൽകേണമീശ്വരീ' എന്ന് ഉദാഹരണപദ്യം നൽകുകയും അതിന്റെ ആദ്യപാദത്തിൽ വലയത്തിൽ രേഖപ്പെടുത്തിയ അക്ഷരങ്ങൾഗുരുക്കളാണെന്നു കാണിക്കുകയും ചെയ്തിരിക്കുന്നു. (ലോകനാർകാവിലെ ദേവതയെ സ്തുതിച്ചുകൊണ്ടുള്ളതാണ് സദ്വൃത്തമാലികയിലെഎല്ലാ ഉദാഹരണശ്ലോകങ്ങളും.) തുടർന്ന് ലഘുക്കൾക്കും ഉദാഹര ണങ്ങൾ നൽകിയിട്ടുണ്ട്. ഗണങ്ങളെക്കുറിച്ചാണ്

അടുത്ത ചർച്ച. എട്ടു ഗണങ്ങൾക്കും ഉള്ള ഉദാഹരണമായി താഴെക്കാണിച്ച ശ്ലോകം നൽകിയിട്ടുണ്ട്.

"പരംക-ല്യാണമേ-കേണംപു-രാരിസു-കൃതത്ത- ഴ

ഘണാ-*രംഗം*ശ്രു-ഷ്ഠഗുണ-"ഗണങ്ങൾക്കൊരിരിപ്പിടം'

മാത്രാഗണങ്ങളെക്കുറിച്ച്. "ആദിഗുരു, മധ്യഗുരു, അന്ത്യഗുരു, സർവഗുരു,സർവലഘു എന്നിപ്രകാരം അഞ്ചുഗണങ്ങൾ മാത്രമേ ഈ ഡിപ്പാർട്ടുമെണ്ടിൽഉള്ളൂ. പാർവതി, ഭവാനി, ഗിരിജാ, ഗൌരി, ഗിരി സുത ഈപദങ്ങൾ മേൽക്കാണിച്ച അഞ്ചു ഗണങ്ങളുടെ ഉദാഹരണ മാകുന്നു. സമം, അർധസമം, വിഷമം എന്നിങ്ങനെ മൂന്നുവിധമായിവൃത്തങ്ങൾ വേർതിരിയുന്നതും ഛന്ദസുകൾ അക്ഷരവർധനവിനനുസരിച്ച് വ്യത്യാസപ്പെടുന്നതും സംജ്ഞാ വിവരണമെന്ന് ഒന്നാമധ്യായത്തിൽ പ്രതിപാദിക്കുന്നു. രണ്ടാമധ്യായം സമവനിരൂപണമാണ്. അനുഷ്ടപ്പു മുതൽ ആകൃതി വരെയുള്ളപതിനഞ്ച് ഛന്ദസ്സുകളിൽപ്പെട്ട എഴുപത്തിയാറു വൃത്തങ്ങളുടെ ലക്ഷ്യലക്ഷണങ്ങ ളുൾക്കൊള്ളുന്നതാണ് ഈ അധ്യായം. രഥോദ്ധത വൃത്തത്തിന് നൽകിയിരിക്കുന്ന ലക്ഷണവും ഉദാഹരണവും:

ര-ന-ര-ല-ഗ.

*ഗലഗ ലലലഗലഗ ലഗ.*

ചുണ്ടിനോടു കിട നിന്നു പോരിടാൻ

വേണ്ട കോപ്പുകളതുണ്ടിതെന്നഹോ

തൊണ്ടിയൊട്ടു ഞെളിയുന്നുവെങ്കിലോ

ചണ്ടിയെന്നതിനു പേരുകിട്ടിടും

ആദ്യം വൃത്തത്തിന്റെ ഗണവ്യവസ്ഥ, രണ്ടാമത് അവയുടെ ഗുരുലഘുക്രമം തുടർന്നു ഉദാഹരണം എന്നതാണ് രീതി. രണ്ടാമധ്യായത്തിന്റെ ഒടുവിൽ ചില പരമ്പരാഗത ധാരണകളെ

തിരസ്കരിക്കുന്നുണ്ട്: 'സൗന്ദര്യവർണ്ണനം, വസന്താദിഋതുവർണ്ണനം മുതലായതിന് ഉപജാതിയും സർഗാവസാനത്തിൽ മാലിനിയും ഔദാര്യരുച്ചിരൗചിത്യവിചാരാദികളിൽ ഹരിണിയും വിരഹാവസ്ഥാ വിവരണത്തിൽ മാകാന്തയും രാജാക്കന്മാരുടെ ശൗര്യവീരാദി വർണ്ണനയിൽ ശാർദ്ദൂലവിക്രീഡിതവും കൊടുങ്കാറ്റ് മുതലായതിനെ വർണിക്കുന്നതിൽ സഗ്ധരയും അധികം ഭംഗിയായിരിക്കും എന്നിപ്രകാരംപ്രായേണഎല്ലാവൃത്തങ്ങളെയും പ്രയോഗിക്കുന്നതിൽ വിഷയനിയമം ചെയ്യുന്നതാവശ്യമാണെന്നു ചിലവിദ്വാൻമാൻ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ വശ്യ വാക്കുകളായ കവികൾക്കു തങ്ങളുടെ സരസങ്ങളായ മനോവിചാരങ്ങളെ ഏതു വൃത്തങ്ങളിലും പ്രകടിപ്പിച്ചു സഹൃദയന്മാരെ രസി പ്പിക്കാൻ യാതൊരു ഞെരുക്കവും കണ്ടുവരാത്ത സ്ഥിതിക്ക് ഇപ്രകാരം ഒരു നിയമം വൃത്തശാസ്ത്രത്തിന് മുഖ്യാവശ്യമായി വിചാരിപ്പാൻ തരമില്ല.' പ്രതിഷ്ഠിത സങ്കൽപ്പനങ്ങളുടെ വിശദീകരണത്തിലാണ് ഈയൊരു വിയോജനക്കുറിപ്പ്.

മൂന്നാമധ്യായത്തിൽ അർധസമവൃത്തങ്ങളെക്കുറിച്ചാണ് ചർച്ച. അർധസമവൃത്തങ്ങളെയെല്ലാം ഉപജാതി എന്ന പേരുകൊണ്ടു തന്നെകുറിക്കാമെങ്കിലും പ്രത്യേകം ചില പേരുകൾ നിർദേശിച്ചു കാണുന്നതിനാൽ അവയെ വ്യവഹരിക്കുന്നതിനുവേണ്ടിയാണ് ഈ അധ്യായ ത്തിൽ ശ്രമിക്കുന്നതെന്നു പ്രസ്താവിച്ചുകൊണ്ട് വിവിധങ്ങളായ അർധ സമവൃത്തങ്ങളെ പരിശോധിക്കുന്നു.

പുഷ്പിതാഗ്രാ.

1-2 * ന-ന-ര-യ 3-4 * ന-ജ-ജ-ര-ഗ.

കരിവരകരവും സരോജമൊട്ടും
സരസിജവും കരിമീനവും വഹിക്കും
പുരരിപുഭഗവാന്റെ സൌഖ്യസാരം

പുരുതരനന്മയെനിക്കു ചേർക്കണം മേൽ.

ഉപചിത്രം, അഖ്യാനികാ, വിപരീതാഖ്യാനികാ, ദ്രുതമദ്ധ്യാ, വേഗവതി, ഭദവിരാൾ, കേതുമതി, വിയോഗിനി, ഹരിണപ്ലൂതാ, പുഷ്പിതാഗ്ര, വസന്തമാലിക എന്നീപതിനൊന്ന് അർധസമവൃത്തങ്ങളും ചില വിഷമവൃത്തങ്ങളുമാണ്ഈഅധ്യായത്തിന്റെ ഉള്ളടക്കം." മാത്രാനിയമത്തോടുകൂടിയ ആര്യാവൃത്തങ്ങളേയും മലയാളഭാഷയിൽ പ്രധാന മായി നടപ്പുള്ള ഇതരവൃത്തങ്ങളെയുമാണ് അവസാന അധ്യായത്തിൽ വിവരിക്കുന്നത്. "മലയാളഭാഷയിൽ പ്രത്യേകം നടപ്പുള്ളതായ വൃത്തവിശേഷങ്ങളിൽ മിക്കതും താളത്തിനൊപ്പിച്ചു ചൊല്ലത്തക്കവണ്ണം ഉള്ളതാകയാൽ അക്ഷരങ്ങളുടെ ഗുരുലഘു വിന്യാസത്തിനു പറയത്തക്കതായി നിശ്ചിതമായ നിയമമൊന്നും കാണുന്നില്ല. ലഘുവിനെ വേണമെങ്കിൽ ഗുരുവാക്കിയും ഗുരുവിനെ ലഘുവാക്കിയും ഗാനരീ തിക്കു ഭംഗം വരാതെ ഉച്ചാരണാനുരൂപമായി പ്രയോഗിക്കുന്നതിനുവിരോധമുള്ളതായി തോന്നുന്നില്ല. ഇതുകൊണ്ടു തന്നെയായിരിക്കാംഭാഷാകവികളെക്കുറിച്ചും "പ്രായേണ വൃത്തിഹീനഃ' എന്നൊരു വിദ്വാൻ അഭിപ്രായപ്പെട്ടിരുന്നത്" എന്ന് ഭാഷാവൃത്തപ്രതിപാദനത്തിനു മുന്നോ ടിയായിപ്രസ്താവിക്കുന്നിടത്ത് ഭാഷാവൃത്തങ്ങളുടെ താളാത്മകതയിൽ ഊന്നുന്ന സമീപനം കാണാം. പിൽക്കാലത്ത് അപ്പൻ തമ്പുരാന്റെയും കുട്ടിക്കൃഷ്ണമാരാരുടെയും വൃത്തപഠനങ്ങളിൽ അത് തെളി ഞ്ഞുകാണുന്നുണ്ടല്ലോ. എ.ആർ.രാജരാജവർമയുടെ വൃത്തമഞ്ജരിയിൽ ഈ നിരീക്ഷണങ്ങളുടെ തുടർച്ച ദൃശ്യവുമാണ്. കാകളിയുടെ പ്രതിപാദനം താഴെക്കാണിച്ച രീതിയിലാണ്.

'ഇരുപത്തുനാല് അക്ഷരത്തിൽ നാൽപ്പതുമാത്രയോടുകൂടി സമമായ രണ്ടു ഖണ്ഡങ്ങളായിവരുന്ന വൃത്തത്തിനു കാകളി എന്നുപേര. ഗുരുലഘുവിന്യാസത്തിനു ഖണ്ഡിതമായ നിയമം യാതൊന്നും

കണ്ടുവരുന്നില്ലെങ്കിലും പ്രായേണ ഉപയോഗിച്ചുവരുന്ന ഒരുമാതിരി വിന്യാസത്തെ ഇവിടെക്കാണിക്കാം.

1–ാം ഖണ്ഡം

ഗ-ല-ഗ-ഗ-ല-ഗ-ഗ ല -ഗ-ഗ-ല-ഗ

2–ാം ഖണ്ഡം

ഗ-ഗ-ലിംഗ-ല-ഗ-ഗ-ല-ഗംഗ-ല-ഗ

ലോകശൈലേശ്വരീശൈലരാജാത്മജേശോകം

കളഞ്ഞുമാം കാത്തുകൊണ്ടീടുകാ'

കാകളി, കേക, അന്നനട, കളകാഞ്ചി, മഞ്ജരി, പൊന്നമാതരഎന്നിവയും ഓട്ടൻതുള്ളൽ, പറയൻതുള്ളൽ, ശീതങ്കൻതുള്ളൽ എന്നിവയിലെ വിവിധ വൃത്തങ്ങളുമാണ് ഭാഷാവൃത്തങ്ങളുടെ പട്ടികയിലുള്ളത്.

'ഈ വിവരിച്ചവ കൂടാതെ തിരുവാതിരപ്പാട്ടുകൾ, തോണിപ്പാ ട്ടുകൾ, കോലടിപ്പാട്ടുകൾ മുതലായി അനേകവിധത്തിലുള്ള വൃത്തഭേദങ്ങളോടുകൂടി പ്രസിദ്ധങ്ങളായ പലമാതിരി ഗാനങ്ങളും മലയാളഭാഷയിൽ നടപ്പുണ്ട്. അവക്കൊന്നിനും സാർവത്രികമായ ഐകരൂപ്യത്തോടുകൂടിയ നിയമമൊന്നാം കണ്ടുകിട്ടാത്തതിനാൽ തൽക്കാലം ഇത്രമാത്രം ഇവിടെ പ്രസ്താവിച്ച് ഈ പുസ്തകത്തെ അവസാനിപ്പിക്കുന്നു' എന്ന അവസാന പ്രസ്താവനയിലെ വിട്ടുപോയ ഇടങ്ങൾ രാജരാജവർമയുടെ വൃത്തമഞ്ജരിയിൽ ഏറെക്കുറെ പൂർത്തീകരി*ക്ക*പ്പെട്ടിട്ടുണ്ട്. തെളിഞ്ഞതും ഒഴുക്കുള്ളതുമായ ഗദ്യമാണ് സദ്വൃത്തമാലികയുടെ സവി*ശേ*ഷത.

ഹർഷന്റെ പ്രിയദർശിനി നാടകത്തിന്റെ വിവർത്തനത്തിൽ നേരിടേണ്ടിവന്ന ചില പ്രശ്നങ്ങൾ അതിന്റെ അവതാരികയിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്: "ശ്രീഹർഷരാജാവിനാൽ ഉണ്ടാക്കപ്പെട്ടതായ ഇതിന്റെമൂലപുസ്തകത്തിൽഅല്പംചില ന്യൂനതകൾ ഉണ്ടെന്നുള്ള

ചിലരുടെ ആക്ഷേപം കേവലം നിരാകരിക്കത്തക്കതല്ലെങ്കിലും കഥാബന്ധത്തെസംബന്ധിച്ചേടത്തോളം ഇത്രമാത്രം ചാരുത്വമുള്ളതായ കൃതികൾ സംസ്കൃതഭാഷയിൽ വളരെയുണ്ടോ എന്ന സംശയമാണ്. ഇതിലേക്കു സംസ്കൃതം പണ്ഡിതന്മാരായ സഹൃദയന്മാർ സാക്ഷികളാണെന്നു മാത്രമേ പറയുന്നുള്ളൂ. മൂലകർത്താവിനെ തീരെ അനാദരിക്കുന്നത് അനുചിതമാണെന്നുവെച്ചു മുമ്പു സൂചിപ്പിച്ചതായന്യൂനതകളെ പരിഹരിക്കുവാൻ ഞാൻ ശ്രമിച്ചിട്ടില്ലെന്നുള്ളതു വായനക്കാർഎന്റെ പേരിൽഒരു വലിയ ദോഷമായി ഗണിക്കയില്ലെന്നു വിശ്വസിക്കുന്നു. ഇതിലെ രണ്ടുമൂന്നു ശ്ലോകങ്ങൾ പിഴയുള്ളതുകൊണ്ടാ പ്ര ഢതയുടെ ആധിക്യംകൊണ്ടോ നല്ലവണ്ണം അർത്ഥം മനസ്സിലാവാതെ കിടപ്പുണ്ട്. അതുകളെ കേവലം വിട്ടുകളയുന്നതു വെടിപ്പില്ലെന്നുവെച്ച് ഒരു വിധേന ഭാഷപ്പെടുത്തീട്ടുണ്ടെങ്കിലും അശേഷം പോലും തൃപ്തി കരങ്ങളായിട്ടില്ലെന്നു ഞാൻതന്നെസമ്മതിക്കുന്നു. മറ്റു ഭാഗങ്ങളിൽ പ്രായേണ മിക്കതും മലയാളഭാഷയിൽ അഭംഗി തോന്നാതേയും മൂലത്തെ കഴിയുന്നതും വിട്ടുകളയാതെയും ഭാഷപ്പെടുത്തുന്നതിൽ ഞാൻ വേണ്ടുവോളം ശ്രമിച്ചിട്ടുണ്ട്.' നാടകത്തിന്റെ (അഞ്ചങ്കങ്ങളിൽ കുറവായതിനാൽ നാടിക എന്നാണു പ്രിയദർശികയെ വിളിക്കുന്നത്പ്രസ്താവനയിൽ

"ഭൈമിക്ഷിതിക്കുടമയാമുദയാവനീശൻ

സാമാന്യമട്ടിലതു ഭാഷയിലാക്കിയില്ലേ

ആമോദമോടഭിനയിച്ചതു കാണ്മതിന്നായ്

കാമിച്ചിടുന്നു കുതുകത്തോടു ഞങ്ങളെല്ലാം'

എന്ന ശ്ലോകം കൂട്ടിച്ചേർത്ത് വിവർത്തകനെക്കുറിച്ചു ദ്യോതിപ്പി ക്കുന്നുണ്ട്.ഉദയവർമരാജയുടെ നാടകവിവർത്തനങ്ങളിൽ ഈയൊരു ത്രന്തം സാമാന്യമായി കാണുന്നുണ്ട്. ലാളിത്യം വിവർത്തനത്തിൽഉടനീളം കാത്തുസൂക്ഷിച്ചിരിക്കുന്നു.

ചേമന്തിപ്പൂക്കൾകൊണ്ടി സ്ഥലമതു
തളിരാൽ ഛന്നമാണെന്നു തോന്നും
പാലപ്പൂവിന്റെ ഗന്ധം ഗജമദജലമാ
ണെന്നു ശങ്കിച്ചുപോകും
വണ്ടിൻകൂട്ടം, പൊഴിഞ്ഞീടിന കമലരജ
സ്സേറ്റു പിംഗാം*ഗരാഗം*
പൂണ്ടും കൊണ്ടങ്ങു പാടുന്നിതു
മധുമദമോ

ടൊത്തിതവ്യക്തവാക്കായ് (ഒന്നാമങ്കം)ഗദ്യത്തിലുള്ള സംഭാഷണങ്ങളിലും കൃത്രിമത്വം തീരെയില്ല. സ്രോതഭാഷയിലും ലക്ഷ്യഭാഷയിലും ഒരേപോലെ കയ്യടക്കമുണ്ട്.

ഹർഷന്റെ രത്നാവലി നാടികാവിവർത്തനത്തിന്റെ മുഖവുരയിൽഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "രചനയ്ക്ക് കോട്ടം തട്ടിച്ച് സംഗീതസുഖം അർഥഗൗരവത്തിലൊഴുക്കിക്കളഞ്ഞാൽ നാടകം നാടകമല്ലാതായിത്തീരുന്നു. നമ്മുടെ നാടിക അതിൽ മെച്ചം നേടിയിട്ടുണ്ട്.ഇത് ഇന്റർമീഡിയറ്റ് ക്ലാസിൽ പാഠ്യഗ്രന്ഥമാക്കാൻ പറ്റുന്ന ഒരു ചെറിയ മനോജ്ഞരൂപകമാണ്. അനുഗ്രഹീത കവിയും ഭോജരാജനെ പ്പോലെ അനവധികവികളെപ്രോത്സാഹനം ചെയ്ത മഹാശയനുംയഥാർഥ ഭാഷാഭിമാനിയുമായ ഉദയവർമരാജാവിന്റെ കൃതികളെ സർവ്വകലാശാലക്കാരും സാഹിത്യപ്രണയികളും വേണ്ടുംവിധം പ്രോത്സാഹനംചെയ്യേണ്ടതാണ്.' ഇന്റർമീഡിയറ്റ് തലത്തിലോ സർവകലാശാലാതലത്തിലോഅദ്ദേഹത്തിന്റെ കൃതികൾ പാഠപുസ്തകങ്ങളായിട്ടുണ്ടോ എന്നറിയില്ല. എങ്കിലും മുഖവുരയിലെ പരാമർശം അക്കാലത്ത് അദ്ദേഹത്തിന്റെ സാഹിത്യ പ്രവർത്തനങ്ങളെ ക്കുറിച്ചുണ്ടായിരുന്ന മതിപ്പ് വെളിപ്പെടുത്തുന്നുണ്ട്. വിവർത്തനഭംഗിക്ക് ഒരുഭാഗം ഉദ്ധരിക്കാം.

"ചില്ലീ വില്ലൊട്ടു കോടീടിലുമവളുടനെ

ത്താഴത്തിനാൾ വക്ത്ര പത്മം
:ചൊല്ലീലാ മുള്ളുവാക്കൊന്നൊട്ടു ചെറുതു കന
പ്പിച്ചു മന്ദം ചിരിച്ചാൾ; ഉള്ളിൽ ബാഷ്പാടൊക്കും നയനമതു മിഴി
ച്ചങ്ങിനെ നോക്കിയില്ലാ,
കൊള്ളിച്ചു കോപമേവം കമനി വിനയമോ
വിട്ടതില്ലൊട്ടുമപ്പോൾ' (രണ്ടാമങ്കം)

ഗദ്യഭാഗങ്ങളുടെ വിവർത്തനത്തിലും തെളിമയും ഓജസ്സുമുള്ള മലയാളശൈലി ഉപയോഗിച്ചിട്ടുണ്ട്. ഒരു ഉദാഹരണം:

സാഗരിക-മനസ്സെപ്രസാദിക്ക- കിട്ടാത്ത ജനത്തെ ആശിച്ചു കൊണ്ടിരുന്നാൽ ആ യാസപ്പെടാമെന്നായ മ മാണ് ? എന്നല്ല, അദ്ദേഹത്തെ കണ്ടതുകൊണ്ടുതന്നെ, സന്താപം വർദ്ധിക്കുന്നു. (വിസ്മയത്തോടുകൂടി) എന്നിട്ടും അദ്ദേഹത്തെ തന്നെ കാണ്മാൻ ആഗ്രഹിക്കുന്ന നിന്റെ മൂന്നരഅല്ലയോ കഠിനമായ മനസേ ജനനം മുതൽ ഒന്നിച്ചുകൂടി വളർന്ന ഇജ്ജനത്തെഉപേക്ഷിച്ചു അല്പനേരം മാത്രം കണ്ടുപരിചയപ്പെട്ടവന്റെ പിന്നാലെ പോകുന്നതിനു ലജ്ജയില്ലല്ലോ. അഥവാ ഇതു നിന്റെദോഷമല്ല- കാമശരം തറക്കുന്നതിനുള്ള ഭയത്താൽനീ ഇപ്രകാരം പ്രവർത്തിക്കുന്നു-ആട്ടെ, കാമനെത്തന്നെ പുഷ്പാഞ്ജലി കഴി ക്കാം.

വടക്കൻ കേരളത്തിലെ ഭാഷാപ്രയോഗങ്ങളാണ് ഉദയവർമരാജയുടെ വിവർത്തനഭാഷയെ നിശ്ചയിക്കുന്നതും നിയന്ത്രിക്കുന്നതും എന്നുകൂടി ഈ കൃതികൾ തെളിവുനൽകുന്നു. വിവിധ പ്രാദേശിക ഭാഷാഭേദങ്ങളെ സമന്വയിപ്പിച്ച് ഒരു മാനകമലയാളത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ നടന്നിരുന്ന കാലമായിരുന്നു അത്. മാനകമലയാളത്തിന്റെ സാന്നിധ്യം ദൃശ്യമാകുമ്പോഴും ചൂരും ചൊടിയുമുള്ള ദേശ്യഭാഷാപ്രയോഗങ്ങൾ ഉപേക്ഷിക്കുവാൻ അദ്ദേഹം തയ്യാറാകുന്നില്ല. "രചനയിൽ ദക്ഷിണാത്യപാരമ്പര്യമല്ല, കൊച്ചിയിലും അവിടന്ന് വടക്കോട്ടും വ്യാപിച്ചിരുന്ന സമ്പ്രദായത്തിന്റെ പ്രാതിനിധ്യം തന്നെയാണ് എന്ന്

എം.ലീലാവതി ഉദയവർമരാജായുടെ രചനാശൈലിയെ വിലയിരുത്തുന്നത്ഓർക്കുക.

കവികളുടെജീവചരിത്ര സമാഹാരം എന്നനിലയിൽ മലയാളത്തി ലെ ആദ്യത്തെ കൃതിയാണ് കവികലാപം. അറുപത്തിനാല് കവികളുടെ ജീവചരിത്രകുറിപ്പുകളാണ് അതിലുള്ളത്. ജീവചരിത്രസാഹിത്യം മലയാളത്തിൽ വളർന്നിട്ടില്ലാത്ത ഒരു കാലത്താണ് അദ്ദേഹം ഇതിനുതുനിഞ്ഞിറങ്ങിയതെന്ന വസ്തുത ഏറെ പ്രാധാന്യമർഹിക്കുന്നു. വളച്ചുകെട്ടില്ലാത്തതും സരളവുമാണ് ഗദ്യശൈലി. മലയാളത്തിലെഗദ്യകൃതികളിൽ ഇരുപതാം നൂറ്റാണ്ടിൽ സംഭവിച്ച ഭാഷാപരമായപരിവർത്തനത്തിന് കവികലാപംഒരു മികച്ച ദൃഷ്ടാന്തമാണ്.

വാസുദേവഭട്ടതിരിയെക്കുറിച്ചുള്ള 44-ാം അധ്യായത്തിൽ നിന്നും: "ഒരു മലയാള ബ്രാഹ്മണനായ ഇദ്ദേഹം കേൾവിപ്പെട്ട പെരുമനം ഗ്രാമത്തിൽപ്പെട്ട ഒരാളായിരുന്നു. ഭട്ടത്ത് എന്നാണ് ഇല്ലപ്പേര്, പത്തുപതിനഞ്ചു വയസ്സാകുന്നതുവരെ യാതൊരു വിദ്യാഭ്യാസവു മുണ്ടായിരുന്നില്ല.അക്ഷരപരിജ്ഞാനം തന്നെ കുറെ കഷ്ടിയാണ്. ഇല്ലത്ത് അഹോവൃത്തി കഴിപ്പാനും നന്നെ ഞെരുക്കമായിരുന്നു. തന്നിമിത്തം വിദ്വാനായഒരുഓതിക്കോന്റെ ദാസനായി ചെന്നുകൂടി. അദ്ദേഹത്തിന്റെ ഒന്നിച്ച്അനേകം ശിഷ്യന്മാർ വിദ്യാഭ്യാസം ചെയ്യുന്നുണ്ടായിരുന്നു. അതൊക്കെ ദിവസേന കേട്ടുകേട്ടു കുറെ പഠിച്ചാൽ കൊള്ളാമെന്നു ഭട്ടതിരിക്കുകലശലായ മോഹംതുടങ്ങി.'

ഐതിഹ്യങ്ങൾ, ചരിത്രവസ്തുതകൾ, കൃതികളെക്കുറിച്ചുള്ള വിവരണങ്ങൾ, കവികളുടെ ദേശവും കാലവും സംബന്ധിച്ചഅഭിപ്രായവ്യത്യാസങ്ങൾ എന്നിവ പരമാവധി സൂചിപ്പിക്കുന്നുണ്ട്. കേരളീയരായ ചില സംസ്കൃതകവികളും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. നാല്പത്തിയഞ്ചാം അധ്യായത്തിൽ രാമവർമ്മയുവരാജകവിയെക്കുറിച്ചു നല്കിയ ഒരു ഹ്രസ്വവിവരണം അതേപടി എടുത്തുചേർക്കുന്നു:

"തിരുവനന്തപുരം രാജസ്വരൂപത്തിന്ന് അലങ്കാരഭൂതനും സരസകവിയുമായ ഇദ്ദേഹം 1755-ൽ അശ്വതി നക്ഷത്രദിവസം ഈ ലോകത്തിൽ പ്രവേശിച്ചു.1785-ൽ യുവരാജപട്ടം കെട്ടി. 1787ൽ മുപ്പത്തിരണ്ട് മത്തെ വയസ്സിൽ ഇഹലോകവാസത്തെ ഉപേക്ഷിക്കുകയും ചെയ്തു. വേണ്ടുവോളം വൈദുഷ്യമുണ്ടായിരുന്ന ഈ മഹാനുഭാവന് ചെറുപ്പത്തിൽ തന്നെ കവിതാവാസനയും ഉണ്ടായിരുന്നു. ഇദ്ദേഹത്തിന്റെകൃതികളായിട്ടുള്ളഅംബരീഷചരിതം മുതലായ നാല് ആട്ടക്കഥകൾഇപ്പോഴും മലയാളത്തിൽ അതിപ്രസിദ്ധങ്ങളായി നടന്നുവരുന്നുണ്ട്.കീർത്തനങ്ങളായും ഒറ്റശ്ലോകങ്ങളായും വളരെ കൃതികൾ ഇദ്ദേഹത്തിന്റെ വകയായിട്ടുണ്ട്. കൂടാതെ 1. കാർത്തവീര്യവിജയച്ചമ്പു, 2. വ ഞ്ചിമഹാരാജവം , 3. രുഗ്മിണീ പരിണയനാടകം, 4. ശൃംഗാരസു ധാകരഭാണം, 5, സന്താനഗോപാലം പ്രബന്ധം ഇവകളും പ്രസിദ്ധങ്ങളായിട്ടുണ്ട്.'

സാഹിത്യചരിത്രവുംജീവചരിത്രവും കാവ്യാസ്വാദനവും സംഗമിക്കുന്ന ഒരു അപൂർവസ്ഥലിയാണ് കവികലാപം. "അത് ആപാദചൂഡംസുമധുരമായ ഒരു ഗദ്യശൈലികൊണ്ട് അലങ്കൃതം എന്നുതന്നെപറയണം' എന്ന വടക്കുംകൂറിന്റെ വിലയിരുത്തലിൽ ഒട്ടും അതിശയോക്തിയില്ല.

## നാല്

പത്രമാസികകളിൽ കടത്തനാട്ട് ഉദയവർമരാജ എഴുതിയ കവിതകളും ലേഖനങ്ങളും മറ്റും സമാഹരിക്കപ്പെട്ടിട്ടില്ല. അക്കൂട്ടത്തിൽ ഒരു പുസ്തകാഭിപ്രായം താഴെ കൊടുക്കുന്നു. 1895 ജൂലൈയിൽ മലയാളമനോരമയിലാണ് ഇതു പ്രത്യക്ഷപ്പെട്ടത്. അഴകത്തു പത്മനാഭക്കുറുപ്പിന്റെതുലാഭാരശതകം എന്നകൃതിയാണ് പരാമർശിക്കപ്പെടുന്നത്.

"അതിമോദാൽ തുലാഭാരശതകം നോക്കിയൊക്കെയും
മതിയിൽ ചേർന്നിടുന്നെന്റെ മതമെന്തെന്നു ചൊല്ലിടാം
പോയാലും തന്റെ കഴുത്തെങ്കിലുമൊരു കവിതക്കാരനെന്നുള്ള പേരി
ന്നായാസംപെട്ടു നേടീടണമിതികരുതും കൂട്ടരാണാക്കെയിപ്പോൾ
എന്നോർക്കുമന്നോർക്കു പക്ഷേ തവകൃതിയതിലും
ദോഷമുണ്ടെന്നു തോന്നാമെന്നാൽ
ഭാഷാന്തരം ചെയ്തൊരു കൃതിയുമിതിന്നേറ്റവും
മേലിലല്ലോ.'

**അഞ്ച്**

ഉദയവർമരാജയുടെ നേതൃത്വത്തിൽ നടന്ന ഭാരതമഞ്ജരിവിവർത്തനം മലയാളസാഹിത്യചരിത്രത്തിലെ പ്രധാനപ്പെട്ട ഒരേടാണ്. സാഹിത്യപുരസ്കർത്താവ് എന്ന നിലയിൽ കവികളെ പ്രോത്സാഹിപ്പിച്ചതും സ്വന്തം ചെലവിൽ വിവർത്തനം പ്രസിദ്ധീകരിച്ചതും മാത്രമല്ലഅതിന്റെ പ്രത്യേകത. ഒരു മഹാഭാരതകൃതി മലയാളത്തിലേക്ക് ആദ്യമായി നേരിട്ടു വിവർത്തനം ചെയ്യപ്പെടുന്നത്. അപ്പോഴാണ് കൊടുങ്ങ ല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മഹാഭാരതവിവർത്തനത്തിന് പ്രേരണയായി വർത്തിച്ചതും ആ വിവർത്തന ശ്രമമാണ്. 1904 ലാണ് ഈ വിവർത്തനശ്രമത്തിന് അരക്കൊരുങ്ങുന്നത്. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൊട്ടാരത്തിൽ ശങ്കുണ്ണി, വള്ളത്തോൾ, വരവൂർശ്യാമമേനോൻ, ടി.നാരായണൻനമ്പി, കടത്തനാട്ടു കൃഷ്ണവാരിയർ, പി.വി.കൃഷ്ണവാരിയർ, വി.സി.ബാലകൃഷ്ണപ്പണിക്കർ എന്നിങ്ങനെഒരുകൂട്ടം കവികൾ ശ്രമത്തിൽ പങ്കുകൊണ്ടു.വി.സി.ബാലകൃഷ്ണപ്പണിക്കർക്ക് അന്ന് പതിനാറോ പതിനേഴോ വയസ്സേ ഉണ്ടായിരുന്നുള്ളു എന്നോർക്കുമ്പോഴാണ് ഉദയവർമരാജ ഒരു സാഹിത്യപുരസ്കർത്താവ്

എന്ന നിലയിൽ കൈവരിച്ച പ്രതിഭാവിശേഷത്തിന്റെ ആഴം വ്യക്തമാകുന്നത്.

ഭാരതമ്ജരിയുടെ അഞ്ചുഭാഗങ്ങൾ ഉദയവർമരാജജീവിച്ചിരുന്ന കാലത്തുതന്നെ പുറത്തുവന്നു. അദ്ദേഹത്തിന്റെ മരണശേഷം ഭാരതമഞ്ജരിയുടെ പ്രസാധനം നിലച്ചു എന്ന് പല ലേഖകരും എഴുതിക്കാണുന്നതുവസ്തുതാവിരുദ്ധമാണ്. ഭാരതമഞ്ജരിയുടെ ഉദ്യോഗഭീഷ്മപർവങ്ങൾ ചേർന്ന ആറാംഭാഗവും ഭീഷ്മപർവത്തിന്റെ ശേഷിച്ചഭാഗവും ദ്രോണപർവവും ചേർന്ന ഏഴാംഭാഗവും ആയഞ്ചേരി കോവിലകത്ത് ശങ്കരവർമയുടെ മേൽനോട്ടത്തിൽ കോട്ടയ്ക്കൽ അച്ചുകൂടത്തിൽ നിന്നും 1908 ലും 1909ലുമായി പുറത്തിറങ്ങിയിട്ടുണ്ട്. ശാന്തിപർവം വരെ പുറത്തിറങ്ങിയതായിപി.വി.കൃഷ്ണവാരിയർ രേഖപ്പെടുത്തുന്നുണ്ടെങ്കിലും അതിന്റെ പ്രസാധന വിശദാംശങ്ങൾ ലഭ്യമല്ല.

ഏതൊക്കെ കവികൾ ഏതൊക്കെ ഭാഗങ്ങളാണ് വിവർത്തനം ചെയ്തത് എന്നതിനെക്കുറിച്ച് കൃത്യമായ വിവരങ്ങൾ എവിടെയും രേഖപ്പെടുത്തിക്കാണുന്നില്ല. ആദിപർവം ഉദയവർമരാജായും ആരണ്യപർവത്തിന്റെ ആദ്യഭാഗം വി.സി.ബാലകൃഷ്ണപണിക്കരും ശേഷം ഭാഗം കടത്തനാട്ട് കൃഷ്ണവാരിയരും ദ്രോണപർവം കൊടുങ്ങല്ലൂർ കുഞ്ഞികുട്ടൻ തമ്പുരാനും ഹരിവംശം കൊട്ടാരത്തിൽ ശങ്കുണ്ണിയും ശാന്തിപർവം പരവൂർ ശാമുമേമോനും പരിഭാഷപ്പെടുത്തിയതായിരിക്കാം. സ്വർഗാരോഹണപർവം പി.വി.കൃഷ്ണവാരിയർക്ക് ഏൽപിച്ചുകൊടുത്തിരുന്നുവെങ്കിലും വിവർത്തനം സംഭവിച്ചതായി അറിവില്ല. ഇവയിൽ വി.സി.ബാലകൃഷ്ണ പണിക്കരുടെ വിവർത്തനം അദ്ദേഹത്തിന്റെ സമ്പൂർണകൃതികളിൽ ചേർത്തിട്ടുണ്ട്. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ വിവർത്തനം 1935 ൽ കൊല്ലംകലാവിലാസം പ്രസ്സിൽ നിന്നും പ്രത്യേകപുസ്തകമായി ഇറങ്ങിയിട്ടുണ്ട്.

മാസത്തിൽ ഒന്നുവീതം പ്രസിദ്ധീകരിക്കുക എന്നതായിരുന്നു ഉദ്ദേശ്യം."മഹാഭാരതത്തിലെ കഥ മുഴുവൻ അടങ്ങിയതും 12000 ത്തോളം ഗ്രന്ഥവിസ്താരമുള്ളതുമായഈകൃതിയെ യോഗ്യന്മാരായ പത്തിരു പതുകവികൾ കൂടി തർജമ ചെയ്യുന്നതാണ്. ഈ മാതിരി 12 പുസ്തകം കൊണ്ട് അവസാനിക്കും' എന്ന് ഭാരതമഞ്ജരിയുടെ മൂന്നാം ഭാഗത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഉദയവർമരാജയുടെ മരണശേഷം പുറത്തിറങ്ങിയ ആറാംഭാഗത്തിൽ ഇങ്ങനെയൊരു കുറിപ്പുണ്ട്. ക്ഷേമേന്ദ്ര കൃതിയായ ഈ ഗ്രന്ഥം പലകവികളെക്കൊണ്ടും പരിഭാഷപ്പെടുത്തി പ്രതിമാസം ഓരോ ഖണ്ഡത്തിൽ ആയിരം ശ്ലോകത്തിൽ കുറയാതെമാസികയായി നടത്തിയിരുന്നത് തീപ്പെട്ടുപോയ കടത്തനാട് ഉദയവർമ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടായിരുന്നു എന്ന് എല്ലാവർക്കുംഅറിവുള്ളതാണല്ലോ. അവിടുത്തെ അപായം നിമിത്തം അവശിഷ്ടം മുടക്കത്തിലിരിക്കുന്നത് വീണ്ടും നടത്തുവാൻ അവകാശിയായ ഇപ്പോഴത്തെ ഇളയതമ്പുരാൻ തിരുമനസ്സാലെ കല്പനപ്രകാരം മരുമകനായഏ.കെ.ശങ്കരവർമ്മ തമ്പുരാൻ അവർകൾ തീർച്ചപ്പെടുത്തിയിരിക്കുന്നു.'

ആദ്യ ആഞ്ചുഭാഗങ്ങൾ കോഴിക്കോട് സ്പെക്റ്റേറ്റർഅച്ചുക്കൂടത്തിൽ നിന്നുമാണ് പുറത്തിറക്കിയത്."മുഴുവൻപുസ്തകത്തിനും 12ക 14 അണതന്നാൽ മതിയാകും. പുസ്തകം മുഴുവനായാൽ നാലുറുപ്പികയിൽ ചുരുങ്ങി കിട്ടുന്നതല്ല' എന്ന്മൂന്നാംഭാഗത്തിൽ വിലവിവരം കാണിച്ചിട്ടുണ്ട്. - മഹാഭാരതം സമ്പൂർണമായി വിവർത്തനം ചെയ്യാൻ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന് പ്രേരണയും പ്രചോദനവും നൽകിയത് ഉദയവർമരാജയുടെ ഈ ശ്രമമായിരുന്നു. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെകൃതികൾ മൂന്നാംഭാഗത്തിന്കെ.സി.വീരരായൻരാജ എഴുതിയ അവ താരികയിൽ നിന്നും:"കൊല്ലവർഷം 1079 ൽ ചില യോഗ്യന്മാർ എല്ലാവരും കൂടി ക്ഷേമേന്ദ്രകവിയുടെ ഭാരതമ്ജരി ഭാഗിച്ചെടുത്ത് തർജമചെയ്യാൻനിശ്ചയിച്ചിരുന്നു. അതിൽ ദ്രോണപർവം തർജമയ്ക്കുള്ളഭാരം നമ്മുടെ കവിയ്ക്കായിരുന്നു.

ഇതുംകൊണ്ടാണ് അത്തവണഅദ്ദേഹംകോട്ടയ്ക്കൽ വന്നത്. ദിവസേന അതു കുറേശ്ശ തർജമ ചെയ്യും; ചെയ്തുകഴിഞ്ഞേടത്തോളം നിത്യവും ഞങ്ങളിൽ ചിലരെവിളിച്ചുവരുത്തി വായിച്ചുകേൾപ്പിക്കുകയും ചെയ്യും. അങ്ങിനെ അല്പദിവസം കഴിഞ്ഞപ്പോഴേക്കും അതുതീർന്നുകഴിഞ്ഞു. കവിക്കാകട്ടെഭാരതത്തിലുള്ള രുചി നിന്നതുമില്ല. മഹാഭാരതം തന്നെ ഒന്നുപിടിച്ചു നോക്കിയെങ്കിലോ എന്നായി അദ്ദേഹത്തിനു മോഹം.' - സാഹിത്യചരിത്രങ്ങളിലെ ഒരു ആനുഷംഗിക പരാമർശത്തിലവ സാനിക്കുന്നതല്ല ഭാരതമഞ്ജരിയുടെ പ്രസക്തി എന്നർഥം. വിവർത്തനത്തിലൂടെ മലയാളഭാഷയെ ശക്തിപ്പെടുത്താൻ ദൃഢനിശ്ചയംചെയ്തിറങ്ങിയ ഒരു ഭാഷാപോഷണാഭിലാഷിയുടെ മിഴിവാർന്ന ചിത്രമാണ് ആ ഉദ്യോഗം നമ്മുടെ മുമ്പിൽ വരച്ചുകാട്ടുന്നത്.

**ആറ്**

സാഹിത്യപുരസ്കർത്താവ്, സംഘാടകൻ എന്നീ നിലകളിൽഉദയവർമരാജയുടെ വലിയ വിജയങ്ങളിലൊന്നാണ് കൊല്ലവർഷം 1079 ൽ (1904) തലശ്ശേരിയിൽ വെച്ചുനടന്ന ഭാഷാപോഷിണി സഭയുടെ സമ്മേളനത്തിന്റെ നടത്തിപ്പ്. ഭാഷാപോഷിണിസഭയുടെതുടക്കംമുതൽ അതിന്റെ അഭ്യുദയകാംക്ഷി കളിലൊന്നായിരുന്നു അദ്ദേഹം. തലശ്ശേരി സമ്മേളനം രണ്ടുകാര്യങ്ങൾകൊണ്ടു ശ്രദ്ധേയമായിരുന്നു.ഒന്ന്: ഐക്യകേരളം എന്ന ആശയത്തിന് സാഹിത്യകാരന്മാർക്കിടയിൽവേരോട്ടം ഉണ്ടാക്കി. രണ്ട്: തെക്കും വടക്കുമായി വിഘടിച്ചു നിന്നിരുന്ന ഭാഷാഭേദങ്ങളെ സമന്വയിപ്പിക്കാനുള്ള ശ്രമങ്ങൾക്കു തുടക്കമിട്ടു. തലശ്ശേരി സമ്മേളനത്തിന്റെ ചെലവുമുഴുവൻ വഹിച്ചത് ഉദയവർമരാജാ ആയിരുന്നു. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ സ്മരണാവലിയിൽ തലശ്ശേരി സമ്മേളനത്തെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്.

“അക്കാലത്താണ് തലശ്ശേരിയിൽ വെച്ചു ഭാഷാപോഷിണീസഭാ യോഗം നടത്താൻ നിശ്ചയിച്ചിരിക്കുന്നതായി കടത്തനാട്ടു പോർളാതിരി ഉദയവർമ ഇളയതമ്പുരാനവർകളുടെ എഴുത്തുവന്നത്. അത് 1079 ചിങ്ങത്തിലായിരുന്നു. അപ്പോൾ വർഗീസുമാപ്പിള അവർകൾക്കു ക്ഷീണം സാമാന്യത്തിലധികമുണ്ടായിരുന്നു. സഭയിൽ വായിക്കാനുള്ള റിപ്പോർട്ടും മുന്നാണത്തെ വരവുചെലവുകണക്കും വളരെ പ്രയാസപ്പെട്ടാണ് അദ്ദേഹം എഴുതിത്തീർത്തത്.എങ്കിലും അദ്ദേഹം സഭായോഗത്തിൽ സംബന്ധിക്കുന്നതിൽ പോകാതെയിരുന്നില്ല. അദ്ദേഹത്തിന്റെ കൂടെ വേറെ രണ്ടുപേരും ഞാനും പോയിരുന്നു. ഞങ്ങൾസഭതുടങ്ങുന്നതിന്റെ തലേദിവസം തന്നെ തലശേരിയിലെത്തി. അതിനുനാലഞ്ചുദിവസം മുമ്പുതന്നെ ഉദയവർമത്തമ്പുരാനവർകൾ അവിടെയെത്തി വേണ്ടതെല്ലാം തയ്യാർ ചെയ്തിരുന്നു. ഞങ്ങൾ തമ്പുരാന്റെ അടുക്കൽ ചെന്നപ്പോൾഅവിടെ പുന്നശ്ശേരി നമ്പിമുതലായ ചില പണ്ഡിതന്മാരും ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻബി.എ., ടി.ശങ്കരൻകുട്ടിമേനോൻ, കുഞ്ഞമ്പള്ളി രാമൻനമ്പ്യാർ, വള്ളത്തോൾ നാരായണമേനോൻ, കെ.സി.നാരായണൻനമ്പ്യാർ മുതലായകവികളും മറ്റനേകം മാന്യന്മാരുമുണ്ടായിരുന്നു.പരസ്പരം കുശലപ്രശ്നാനന്തരം എല്ലാവരും കുളിയും ഭക്ഷണവും കഴിച്ച് അന്നുവിശമിച്ചു മാർഗക്ലേശംതീർത്തു.പിന്നെചില പ്രധാനന്മാർ തമ്പുരാന്റെഅടുക്കൽകൂടി സഭയ്ക്കുള്ള കാര്യപരിപാടി നിശ്ചയിച്ച് എഴുതി. അന്ന് അതല്ലാതെ വിശേഷിച്ചൊന്നുമുണ്ടായില്ല. - അടുത്ത ദിവസം സഭായോഗമാരംഭിച്ചു. അവിടെയും യോഗം മൂന്നു ദിവസമുണ്ടായിരുന്നു. ബ്രണ്ണൻ കോളേജിൽ വെച്ചാണ് സഭ നടത്തിയത്. അനേകം കവിശ്രേഷ്ഠന്മാരവിടെ കൂടിയിരുന്നു. എങ്കിലും ദ്രുത കവിതാപരീക്ഷയൊന്നുമുണ്ടായില്ല. ദ്രുതകവിതകൊണ്ടു ഭാഷയ്ക്ക്യാതൊരു ഗുണവുമുണ്ടായിരുന്നില്ല എന്നായിരുന്നു അവിടെ കൂടിയിരുന്ന മിക്ക മഹാന്മാരുടെയും അഭിപ്രായം. ആ പരീക്ഷ ഉണ്ടായില്ലെങ്കിലുംപ്രസംഗാദികൾകൊണ്ടും മറ്റു സഭായോഗം മൂന്നുദിവസവും വളരെ കേമവും ഭംഗിയുമായി. അവിടെ

സഭ നടത്തുന്നതിനായി ജനങ്ങളിൽ നിന്നുപണം പിരിച്ചെടുക്കുകയും മറ്റുമുണ്ടായില്ല. ചെലവുമുഴുവനും നിർവഹിച്ചത് ഉദയവർമ തമ്പുരാനവർകൾ തന്നെയായിരുന്നു. - സഭയ്ക്കു ചെന്നിരുന്നവരെല്ലാം കടത്തനാട്ടുകൂടി ചെല്ലണമെന്നു ക്ഷണിച്ചിട്ടു തമ്പുരാനവർകൾ സഭ കഴിഞ്ഞ ദിവസം തന്നെ കടത്ത നാട്ടേക്കുപോയി. താമസിക്കാൻ നിവൃത്തിയില്ലാതിരുന്ന പലരും കട അനാട്ടേക്കു പോയില്ല. ഞങ്ങൾ ഏകദേശം പത്തിരുപതുപേർ സഭ കഴിഞ്ഞതിന്റെ പിറ്റേദിവസം കാലത്ത് കടത്തനാട്ട് ഇളയതമ്പുരാനവർകളുടെ വാസസ്ഥലമായ ആയഞ്ചേരി കോവിലകത്തെത്തി. തമ്പുരാനവർകളുടെ വിരുന്നുസൽക്കാരം കെങ്കേമമായി. ഞങ്ങൾക്കെല്ലാവർക്കും യഥായോഗ്യം ഓണപ്പുടവയുമുണ്ടായി. ഞങ്ങളെല്ലാവരും അന്നവിടെ താമസിച്ചു. പിറ്റേദിവസം വെളുപ്പാൻ കാലത്തെ അവിടെനിന്നു പോന്നു യഥാകാലംസ്വദേശത്തെത്തി.'

പാഞ്ചാലധനഞ്ജയം നാടകത്തിന്റെ മുഖവുരയിൽ കൊട്ടാരത്തിൽ ശങ്കുണ്ണി ഇക്കാര്യം വീണ്ടുമെഴുതുന്നുണ്ട്. പുറമേരി കോവിലകത്തുവെച്ചാണ് ഉദയവർമരാജായെ കണ്ടത് എന്ന് അതിൽ എഴുതിയിരിക്കുന്നു. '1079 ൽ തലശ്ശേരിയിൽ വെച്ച് നടത്തിയ ഭാഷാപോഷിണി സഭാസമ്മേളനത്തിനു വേണ്ടിവന്ന സകലചെലവുകളും നിർവഹിച്ചത്ഉദയവർമഇളയതമ്പുരാനവർകൾ തനിച്ചാണ്. ഇതിലേക്ക് അവിടേയക്ക് 500ൽ പരം ുപാ ചെലവായിട്ടുണ്ടെന്നാണ് അറിവ്' എന്നുംആ മുഖവുരയിൽ പറയുന്നുണ്ട്. 500 ുപാ ചെലവഴിച്ച് ഒരു സാഹിത്യസമ്മേളനം ഏറ്റെടുത്തു നടത്തുന്ന ഭാഷാപോഷണാഭിലാഷികൾ അ ക്കാലത്ത് ഏറെയൊന്നുമുണ്ടാകില്ല. തലശ്ശേരി സമ്മേളനത്തിൽ അദ്ദേഹം നടത്തിയ സ്വാഗതപ്രസംഗം സമ്മേളനനടപടിക്രമങ്ങളുടെ ഭാഗമായി അക്കാലത്ത് ഭാഷാപോഷിണിയിൽ അച്ചടിച്ചു വന്നിട്ടുണ്ട്. സമ്മേളനത്തിൽ അവതരിപ്പിച്ച ചില മംഗളശ്ലോകങ്ങളിൽ ഉദയവർമരാജയെ കുറിച്ച് സവിശേഷപരാമർശങ്ങൾ ഉണ്ട്.

"ഭാഷാപോഷണതോഷിയാമുദയഭ്രഭ്യണാഥനൊന്നാന്തരം
തോഷാധിക്യമൊട്ടുദ്യമിച്ചതതിനാൽ മേളിച്ച വിദ്വത്സഭ
ഭാഷാപോഷിണി കൈരളീ മഹിളതന്നാകല്പമാകല്പ്പമീ
ദ്ദോഷാനായകലേഖപോൽ ബുധജ്ഞസ്സന്തോഷമേന്തിക്ക നീ'

-വി.സി.ബാലകൃഷ്ണപ്പണിക്കർ

"രാജരാജമഹാരാജ രാജശ്രീരാജിതാനന
രാജശ്രീ യുക്തനാം കൊല രാജശീമൻ പ്രസീദ മെ
നൃപാലകുല വീരനാമുദയവർമ്മസൽക്കീർത്തിയി
ക്ഷപാകരനുതുല്യമായ് വിലസിടുന്ന ലോകങ്ങളിൽ
അപാരമറവാകയാൽ കവിസമൂഹകേമദ്രുമം
പ്രപാതമതു ചെയ്യിതൊ സപദി ഭോജരാജോപമൻ'

-കെ.സി. നാരായണൻ നമ്പ്യാർ

“വിദ്യാവൃദ്ധിയിലുദ്യമിപ്പവർ സഭാമധ്യേ വിളക്കിൻവിധം
വിദ്യോതിച്ച കടത്തനാട്ടുദയവർമ്മാഖ്യ ക്ഷമാപാലനും
പത്ഥ്യം പൂണ്ടാരു പോഷിണിക്കുമിവിടെക്കൂടി സഭാംഗങ്ങളായ്
വർത്തിക്കുന്ന മഹാജനത്തിനുമാകാന്തൻ ശുഭം നല്കണം'

-- -ഒട്ടുവിൽ കുഞ്ഞികൃഷ്ണമേനോൻ

"ഉദയനൃപരനസ്മത്സ്വാമി താന്തന്നെഭാഷാ
ഹൃദയ ദയിതരായുള്ളന്യരാം മാന്യരോട്ടും
സദയമിഹ സമാജം രക്ഷചെയ്യുന്ന തോർത്താലുദയമിതിനു
ചേർന്നീടുന്നതാശ്ചര്യമാണോ'

-കടത്തനാട്ടു കൃഷ്ണവാരിയാർ -

ഇങ്ങനെ അനേകംമംഗളശ്ലോകങ്ങൾ അക്കാലത്തെ ഭാഷാപോഷിണി ലക്കങ്ങളിൽ കാണാം. ഒറ്റയ്ക്ക് ഒരു സാഹിത്യസമ്മേളനത്തിന്റെവിജയം ഉറപ്പുവരുത്തുകയും അതുവഴി സാഹിത്യകാരന്മാരുടെ കൂട്ടായ്മയിൽ പ്രസക്തമായ ചില ചർച്ചാവിഷയങ്ങൾ ഉന്നയിക്കുകയുംചെയ്ത ഒരുസംഘാടകനെക്കുറിച്ച് ആ സ്തുതി വചനങ്ങൾ തെളിവു നൽകുന്നു.

**ഏഴ്**

മലയാള പത്രപ്രവർത്തനത്തിന്റെ ചരിത്രത്തിൽ കടത്തനാട്ട് ഉദയ വർമരാജയുടെ സ്ഥാനം ഉദ്ഘോഷിക്കുന്നവയാണ് അദ്ദേഹം പ്രസിദ്ധീകരിച്ച ജനരഞ്ജിനി, കവനോദയം, സാരോദയം എന്നീ മാസികാഗ്രന്ഥങ്ങൾ. കൊല്ലവർഷം 1065 ൽ പുറമേരിയി*ലെ* ആറോട്ടുമഠത്തിൽ അദ്ദേഹം സ്ഥാപിച്ച ജനരഞ്ജിനി പ്രസ്സിൽ നിന്നും 1066 കന്നി (1890) മുതൽ ജനരഞ്ജിനി പുറത്തിറങ്ങിത്തുടങ്ങി. ആറുവർഷം ഈ പ്രസിദ്ധീകര ണം നിലനിന്നതായി പുതുപ്പള്ളിരാഘവൻ'മലയാള പത്രപ്രവർത്തനചരിത്ര'ത്തിൽ എഴുതുന്നു. കെ.സി. നാരായണൻ നമ്പ്യാർ ആയിരുന്നു പത്രാധിപർ. ലേഖനങ്ങൾ, കവിതകൾ, സമസ്യാപൂരണങ്ങൾ ചിത്രപ്രശ്നങ്ങൾ എന്നിങ്ങനെയായി രുന്നു ഉള്ളടക്കം. വടക്കേമലബാറിലെ ആദ്യ സാഹിത്യമാസിക യായിരുന്നു അത്. വടക്കേ മലബാറിലെ ആദ്യഗ്രന്ഥം എന്ന് ഉള്ളൂർ ജനരഞ്ജിനിയെ വിശേഷിപ്പിക്കുന്നതിൽവാസ്തവമില്ല. 1847 ൽ തലശ്ശേരിയിൽ നിന്നും പുറത്തിറങ്ങിയ രാജ്യസമാചാരത്തിന് അർഹതപ്പെട്ടതാണല്ലോ ആ സ്ഥാനം.

വെള്ളാനിശ്ശേരി വാസ്സുണ്ണി മൂസ്സത് രചിച്ച ജനരഞ്ജിനി വിജയംഎന്ന നാടകം ജനരജിനി മാസികയുടെ മഹത്വത്തെക്കുറിച്ചാണ്. വയസ്കര ആര്യൻ നാരായണൻ മൂസ്സത് മലയാളമനോരമയെക്കുറിച്ചെഴുതിയ മനോരമാവിജയം, ചങ്ങനാശ്ശേരി

രവിവർമ്മകോയിത്തമ്പുരാൻഭാഷാപോഷിണിസഭയെക്കുറിച്ചെഴുതിയ കവിസഭാര്ജനംഎന്നിവയുടെ ശ്രേണിയിൽപ്പെട്ടകൃതിയാണത്. കൊല്ലവർഷം 1072 (1896) ലാണ് കവനോദയം പ്രസിദ്ധീകരിച്ചുതുട ങ്ങിയതെന്ന്"മലയാള പത്രപ്രവർത്തന ചരിത്രത്തിൽ കൊടുത്തിരിക്കുന്നു. എന്നാൽ 1899 സപ്തംബർ ലക്കം കവനോദയത്തിൽ "എനിയത്തെ പുസ്തകത്തോടുകൂടി കവനോദയത്തിന് ആറുകൊല്ലംപൂർത്തിയാവുന്നു' എന്ന് എഴുതിക്കാണുന്നതനുസരിച്ച് 1893 ൽ തന്നെ അതുപ്രസിദ്ധീകരിച്ചുതുടങ്ങിയിരിക്കണം. മാത്രമല്ല, 1069 മീനം 26 ന് കേരളവർമ വലിയകോയിതമ്പുരാൻ ഉദയവർമരാജയ്ക്കെഴുതിയ കത്തിൽഇങ്ങനെ പറയുന്നുമുണ്ട്, "ഭാഷാഭിവൃദ്ധിക്കായി ഓരോരുത്തർ ഇക്കാലത്ത് ചെയ്തുവരുന്ന പരിശ്രമങ്ങളിൽ എത്രയും ലോകോപകാരപ്രദങ്ങളായ പ്രാചീനഭാഷാ ഗ്രന്ഥങ്ങൾ നഷ്ടപ്പെട്ടുപോകാതിരിക്കുന്നതിനുവേണ്ടി ഈ കവനോദയത്തെ പ്രസിദ്ധപ്പെടുത്തുന്നതിൽ അവിടുന്നുചെയ്യുന്ന ഉത്സാഹം സർവോപരി അഭിനന്ദിക്കേണ്ടതും അവിടുത്തെ ഖ്യാതി നിലനിൽക്കുന്നതിനു മുഖ്യകാരണമായിതീരുന്നതുമാകുന്നു.'

ജനരഞ്ജിനി"അഞ്ചാറുകൊല്ലം' പ്രചരിച്ചുവെന്നും അതിന്റെ അസ്തമനത്തിനുശേഷം കവനോദയം ആരംഭിച്ചുവെന്നും ഉള്ളൂർ പ്രസ്താവിക്കുന്നതിൽ പൊരുത്തക്കേടുണ്ട് എന്ന് വ്യക്തം. കവനോദയത്തിന്റെ ആദ്യപ്രതി ഈ ലേഖകനു ലഭിച്ചിട്ടില്ല.അതിനാൽഖണ്ഡിതമായ ഒരു അഭിപ്രായം ഇക്കാര്യത്തിൽ രേഖപ്പെടുത്താൻവയ്യ. നാദാപുരം ജനരഞ്ജിനിയിലായിരുന്നു ആദ്യം അച്ചടിച്ചിരുന്നത്. പിന്നീട് കോഴിക്കോട് സ്പെക്റ്റർ പ്രസ്സിലേക്കുമാറ്റി.

"കടത്തനാട്ടു പോർളാതിരി ഉദയവർമ്മ ഇളയതമ്പുരാന്റെ കല്പനപ്രകാരം ഇരുവനാട്കെ.സി.നാരായണൻ നമ്പ്യാരും കടത്തനാട്ട് കെ.കൃഷ്ണവാരിയരും കൂടി പരിശോധിച്ചു ശരിപ്പെടുത്തുന്നത് എന്ന് കവർപേജിൽ കാണിച്ചുവന്നത് പില്ക്കാലത്ത് ഒഴിവാക്കിയിട്ടുണ്ട്.

"ഒന്നിടവിട്ട മാസംതോറും പ്രസിദ്ധം ചെയ്യുന്നത് എന്ന്പ്രസാധനവിശദാംശം കവർപേജിലുണ്ട്.

"ശ്രീലോകമാതാവനുകമ്പയാ ത
ന്നാലോകനത്താൽ കവനോദയത്ത
ഈ ലോകമൊട്ടുക്കു നടത്തിടട്ടെ
മാലോകരാനന്ദമിയന്നിടട്ടെ'

എന്ന ശ്ലോകം പില്ക്കാലത്ത് കവർപേജിൽ ചേർത്തിട്ടുണ്ട്. "ഭാഷാപോഷിണി' വക എന്നും കാണുന്നുണ്ട്.

ഒരുകൃതി ഒന്നിച്ച് അച്ചടിച്ചതിനുശേഷം അതിന്റെ ഏതാനും ഭാഗംഓരോലക്കത്തിലും നല്കുക എന്നതാണ് കവനോദയത്തിന്റെ രീതി. അതുകൊണ്ടുതന്നെഒരുലക്കത്തിലെ ഓരോ കൃതിയുടെയും പേജു നമ്പരുകൾ വ്യത്യസ്തമായിരിക്കും ഉദാഹരണത്തിന് 1899 സപ്തംബർലക്കംകവനോദയത്തിന്റെ പേജുനമ്പരുകൾ ഇപ്രകാരമാണ്.- 1. സദ്വൃത്തമാലിക:17-24, 2.ജ്യോൽസ്ഥികാ: 65-80 3. ചന്ദ്രോത്സവം : 65-80. 4. ജാനകീപരിണയം :65-80, 5. ഉദയാലങ്കാരം: 33-40 പിന്നീട്പുസ്തകമാക്കി മാറ്റാനുള്ള സൗകര്യം പ്രമാണിച്ചാണ് ഇത്

മലയാളത്തിലെഗദ്യസാഹിത്യത്തിന്റെ വളർച്ചയ്ക്ക് കവനോദയംനല്കിയ സംഭാവനകൾ നിസ്തുലമാണ്. "വൈദ്യം, ജ്യോതിഷം, കിളിപ്പാട്ട്, തുള്ളൽ, നാടകം, നോവൽമുതലായ മലയാളഗ്രന്ഥങ്ങളുടെസംഗ്രഹമായ ഈ പുസ്തകമാലയിൽ ഓരോ കുറി അറുപത്തുനാലുഭാഗങ്ങളിൽ കൂടി അഞ്ചുകൃതികളിൽ കുറയാതെ ഉണ്ടായിരിക്കും' എന്ന് ഉള്ളടക്കത്തെക്കുറിച്ച് കവനോദയം ഉടമസ്ഥന്റെ പ്രഖ്യാപനം ചില ലക്കങ്ങളിലുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനദശകത്തിൽ നോവൽ ഖണ്ഡശ്ശ പ്രസിദ്ധീകരിക്കുവാൻഒരു പത്രമാസികതയ്യാറാവുന്നതിൽ നിന്നും അതിന്റെ വേറിട്ട അഭിരുചി മനസ്സിലാക്കാവുന്നതാണല്ലോ.

"ഇന്നു മലയാളത്തിൽ കാണുന്ന നല്ല പുസ്തകങ്ങളിൽ പലതുംചില പ്രതങ്ങൾ വഴിയായും മാസികകൾ വഴിയായും പുറപ്പെട്ടവയാണ്....... കവനോദയംവഴിയായി കിട്ടിയിട്ടുള്ളകൃതികൾക്ക് കണ ക്കില്ല' എന്ന് പി.ശങ്കരൻ നമ്പ്യാർ"മലയാള സാഹിത്യചരിത്രസംഗ്രഹ'ത്തിൽ രേഖപ്പെടുത്തുന്നു. ചന്ദ്രോത്സവം, ചെല്ലൂർ മാഹാത്മ്യം എന്നീ കൃതികൾ കണ്ടെടുത്തു പ്രകാശിപ്പിക്കുന്നത് ആദ്യമായി കവനോ ദയത്തിലൂടെയാണ്. ചന്ദ്രോത്സവത്തിന്റെ കർതൃത്വം തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനിൽ ആരോപിച്ച് കവനോദയം പ്രവർത്തകരുടെ വാദഗതി നിലനിൽക്കുന്നതല്ല എങ്കിൽപ്പോലും ഇക്കാര്യത്തിൽഒരുചർച്ച ഉയർത്തിക്കൊണ്ടുവരാൻ അവർക്കു കഴിഞ്ഞു. കൃഷ്ണഗാഥ പുനം നമ്പൂതിരിയുടെ കൃതിയാണ് എന്നും കവനോദയം വാദിച്ചിരുന്നു.ഭാഷാഗവേഷണത്തിൽ ആ മാസിക പ്രദർശിപ്പിച്ച ഉത്സാഹം പ്രത്യേകം പരാമർശിക്കുക തന്നെ വേണം. ഭാരതചമ്പു, രാമായണചമ്പു, ചെല്ലൂർ മഹാത്മ്യം ചമ്പു, ഭക്ഷയാഗംചമ്പു, ഭോജന്റെ രാമായണംചമ്പുവിന് കടത്തനാട്ട് കൃഷ്ണവാരിയരുടെ വിവർത്തനം എന്നിങ്ങനെചമ്പുസാഹിത്യത്തിലെ കൃതികൾ പ്രസിദ്ധീകരിക്കാൻ കാണിച്ച ഉത്സാഹത്തിന് നാണുവയ്യാ ശാസ്ത്രിയുടെമുത്തുലക്ഷ്മി നോവൽ പോലുള്ള ആധുനിക കൃതികൾ ഒരു മറുപുറവും ചമയ്ക്കുന്നുണ്ട്.

ചമ്പുസാഹിത്യത്തിന് വീണ്ടെടുപ്പുണ്ടാക്കിയവരിൽ കടത്തനാട്ട് ഉദയവർമരാജയുടെ പേര് വടക്കുംകൂർ ഒരു ലേഖനത്തിൽ എടുത്തുപറയുന്നുണ്ട്. നോവൽ, നാടകം തുടങ്ങിയവയുടെ കാര്യത്തിൽ പ്രദർശിപ്പിച്ചതാല്പര്യവും ഇതിനോടൊപ്പം ചേർത്തുവായിക്കേണ്ടതാണ്.

മലയാളത്തിലെ ആദ്യത്തെ സന്ദേശകാവ്യമായ ശൃംഗസന്ദേശം കവനോദയത്തിലാണ് പ്രസിദ്ധീകരിച്ചത്. അപ്പാടൻ വീട്ടിൽ രാമനെഴുത്തച്ഛൻ എഴുതിയ ഈ കൃതി 1895 ൽ പുസ്തകമായി പുറത്തിറക്കിയിട്ടുണ്ട്. കവനോദയത്തിൽ പ്രസിദ്ധീകരിച്ച പ്രാചീനവും നവീനവുമായകൃതികൾ മലയാളഭാഷാ സാഹിത്യചരിത്രത്തിൽ അവഗണിക്കാവുന്ന വയല്ല. ഭാരതചമ്പു, രാമയണചമ്പു,

ചെല്ലൂർമഹാത്മ്യം, ദക്ഷയാഗംചമ്പു, ഭാഷാരാമായണം ചമ്പു, ഭാഷാകർണാമൃതം, ശൃംഗസന്ദേശം, ചന്ദ്രോത്സവം, ദേവീമാഹാത്മ്യം. മണിപ്രവാളം, ഉത്സവവർണ്ണനം, ആസന്നമരണചിന്ത, സുഭാഷിതമാല എന്നിങ്ങനെ നാല്പതിലേറെ ഗ്രന്ഥങ്ങൾ കവനോദയം പുറത്തിറക്കിയിട്ടുണ്ട്.

ജി.പ്രിയദർശനൻ രചിച്ച മലയാളമാസികകൾ എന്ന ഗ്രന്ഥ ിൽ കവനോദയത്തെക്കുറിച്ച് സാമാന്യംസമഗ്രമായ ഒരു ലേഖനം ചേർത്തിരിക്കുന്നതുമാത്രമാണ് ആമണ്ഡലത്തിൽ നടന്ന ഒരേയൊരു വിശേഷപഠനം. ജനരഞ്ജിനിയുടെയും കവനോദയത്തിന്റെ യും മുഴുവൻ ലക്കങ്ങളുംസമാഹരിക്കാനുള്ള ശ്രമങ്ങൾ ഇനിയുമുണ്ടായിട്ടില്ല. ഭാഷാസാഹിത്യ നവോത്ഥാനത്തിൽ ഉദയവർമ്മരാജയുടെ പ്രസക്തിപൂർണമായും വെളിവാക്കുവാൻ അതുവഴി കഴിയും.

വാർത്തകൾക്കു മുൻതൂക്കം നല്കി പ്രസിദ്ധീകരിച്ച സാരോദയംകോഴിക്കോട്ടുനിന്നാണ് അച്ചടിച്ചിരുന്നത്. ഇതിന്റെ പ്രതികൾ ലഭ്യമല്ല. കവികലാപത്തിലൊരിടത്ത് "പച്ചവെള്ളത്തെക്കാളധികം നിറം കലർത്തിയപാനീയമാണ് ജനങ്ങൾ ഇഷ്ടപ്പെടുന്നത്. അതുപോലെ വാർത്തകൾക്കുവിമർശമാകുന്ന ചായം തേയ്ക്കാതെ പൊതുജനങ്ങൾ അത് ആസ്വദിക്കുന്ന കാര്യം സംശയസമ്പൂർണ്ണമായ ഒരുസംഗതിയത്.' എന്ന് ഉദയവർമ എഴുതിയിട്ടുണ്ട്. സാരോദയത്തിൽ ആ പരികല്പന പ്രതിഫലിച്ചിട്ടുണ്ടാകണം. നീലഞ്ചേരി ശങ്കരൻനായർ ആയിരുന്നു സാരോദയത്തിന്റെ പ്രസാധകൻ. കവനോദയവും സാരോദയവും ഒരേസമയം പുറത്തിറങ്ങിയവയാണ്. ഉദയവർമ്മരാജയുടെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ട് കൊട്ടാരത്തിൽ ശങ്കുണ്ണി എഴുതിയ ശ്ലോകങ്ങളിൽ അവയുടെ ഭാവിയെക്കുറിച്ച് ഇങ്ങനെ ഉത്കണ്ഠപ്പെടുന്നു.

"കവനോദയമേ ! നിന്നുടെ
ഭുവനോദയമെപ്രകാരമിനിയെന്താ?
കവനം പലരും ചെയ്തിട്ടു
മനവം ചെയ്യാൻ നിനക്കിലാരിനിമേൽ
സാരോദയമേ! നിന്നുടെ
സാരോദയവും നിനക്കിലിനിയെന്തോ!
ധീരോദയവർമ്മാ നിൻ
സാരോദയസത്തരാമായല്ലോ.'

## എട്ട്

കേരളത്തിന്റെ വിദ്യാഭ്യാസചരിത്രത്തിലും വ്യതിരിക്തമായ ഒരുസ്ഥാനമുണ്ട് അദ്ദേഹത്തിന്. ജാതിനിരപേക്ഷമായ പൊതുമണ്ഡല മായിരിക്കണം വിദ്യാലയം എന്ന് അദ്ദേഹം സങ്കല്പിച്ചു. നവോത്ഥാനത്തിന്റെ പ്രധാന വാദഗതികളിലൊന്നായിരുന്നുവല്ലോ അത്. ജാതിവ്യത്യാസം കണക്കിലെടുക്കാതെ പ്രവേശനമനുവദിക്കുന്ന ഒരു സ്കൂൾ 1896ൽ പുറമേരിയിൽ അദ്ദേഹം സ്ഥാപിച്ചു. ഫ്യൂഡലിസത്തിന്റെജ്ഞാനപാരമ്പര്യത്തിനെതിരെയുള്ളശക്തമായ ആക്രമണമായിരുന്നു അത്. ഇക്കാര്യത്തിലദ്ദേഹം നേരിടേണ്ടിവന്ന എതിർപ്പുകൾ നിസ്സാരമല്ല. സ്ത്രീവിദ്യാഭ്യാസത്തെ സംബന്ധിച്ചും അദ്ദേഹത്തിന്റെ കാഴ്ചപ്പാട് പുരോഗമനപരമായിരുന്നു. ഉദയവർമരാജയെ ക്കുറിച്ച് കുമാരനാശാൻ വിവേകോദയത്തിൽ എഴുതിയ അനുസ്മരണക്കുറിപ്പിൽ അദ്ദേ ഹത്തിന്റെസേവനങ്ങളുടെ ഗരിമയും പെരുമയും വിലയിരുത്തുന്നതിങ്ങനെയാണ്:

"തിരുമനസ്സിലെ നാമം കേരളത്തിൽ ആരുടെയും ചെവിക്കുപുത്തരിയായിരിപ്പാൻഇടയില്ല. വിദ്യാഭ്യാസം കൊണ്ടുമാത്രം ലഭിക്കാവുന്നഹൃദയവികാസം മുതലായ ഗുണങ്ങൾ ഇത്രമാത്രം തികഞ്ഞിട്ടുള്ളപുരുഷന്മാർ കേരളീയരുടെ ഇടയിൽ അധികം

കാണുകയില്ല. വിദ്യാപ്രചരണ വിഷയത്തിൽ ഇദ്ദേഹം ചെയ്തിട്ടുള്ളശ്രമങ്ങൾ അനവധിയാകുന്നു. ഈ കൂട്ടത്തിൽ അപ്രധാനമല്ലാത്ത ഒന്നാണ് കടത്തനാട്ടുരാജകുമാരന്മാർക്കുവേണ്ടി ഇദ്ദേഹം ഒരു ഹൈസ്കൂൾ സ്ഥാപിച്ചത്. രാജകുമാരന്മാർക്ക് എന്നു പറഞ്ഞതുകൊണ്ട് സാമൂറിൻ കോളേജിനെപ്പോലെ ഇത് ഒരു ഇടുങ്ങിയ നോട്ടത്തോടുകൂടി സ്ഥാപിച്ചിട്ടുള്ളതാണെന്നു വായനക്കാർ തെറ്റിദ്ധരിക്കരുത്. ഈ കടത്തനാട്ടു വിദ്യാശാലയിൽ രാജകുമാരന്മാരോടൊന്നിച്ച് തീയർക്ക് ഇരുന്നു പഠിക്കാം. അതുകൊണ്ട് കേരളവിദ്യാശാലയുടെ ഒരു പ്രത്യുദാഹരണമാണ് കടത്തനാട്ടെ വിദ്യാശാല. ഇപ്രകാരം നിഷ്പക്ഷപാതമായ സൗജന്യവും അസാമാന്യമായ പാണ്ഡിത്യവും കൊണ്ട് കേരളത്തിലെ സകല ജനങ്ങളുടെയും സ്നേഹബഹുമാനങ്ങൾക്ക് പാത്രമായിരുന്ന ആ രാജകുമാരൻ അപ്രാപ്തമായ ചരമഗതിയെ പ്രാപിച്ചിരുന്ന തായറിയുന്നതിൽ ഞങ്ങൾക്കുള്ള വ്യസനം അസാമാന്യമാകുന്നു. 'ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ സാധാരണക്കാരിലെത്തിക്കാൻ വേണ്ടി 1896 ൽ തുടങ്ങിയ ആ പ്രൈമറി സ്കൂളാണ് പിന്നീട് കടത്തനാട്ട് രാജാസ് ഹൈസ്കൂളായി മാറിയത്.

**ഒമ്പത്**

ദേശീയപ്രസ്ഥാനവുമായി അദ്ദേഹം ബന്ധം പുലർത്തിയിരുന്നു. 1903 ഡിസംബറിൽ മദ്രാസിൽ ലാൽ മോഹൻ ഘോഷിന്റെ അധ്യക്ഷ തയിൽ നടന്ന ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ പത്തൊമ്പതാംസെഷനിൽ ഉദയവർമ്മരാജ പ്രതിനിധിയായി പങ്കെടുത്തിട്ടുണ്ട്. കോൺഗ്രസ്സുമായി അദ്ദേഹം പുലർത്തിയ ബന്ധത്തെക്കുറിച്ച് കൂടുതൽസൂചനകൾ ലഭിച്ചിട്ടില്ല. ദേശീയ താൽപര്യം കൂടി ഉൾച്ചേർന്ന ഉത്തരേന്ത്യൻ യാത്രകളിൽ വെച്ച് ബാലഗംഗാധരതിലകനെപ്പോലുള്ള നേതാക്കളെ അദ്ദേഹം പരിചയപ്പെടുന്നുണ്ട്.

**പത്ത്**

കടത്തനാട്ടിനു പുറത്ത് വിപുലമായ ഒരു സുഹൃദ്‌വലയം അദ്ദേഹത്തിനുണ്ടായിരുന്നു. അക്കാലത്തെ മികച്ച സാഹിത്യകാരന്മാരിലൊരാളായാണ് അദ്ദേഹം പരിഗണിക്കപ്പെട്ടിരുന്നത്. ഒടുവിൽ കുഞ്ഞികൃഷ്ണമേനോന്റെ കവിമൃഗാവലി, മൂലൂർ എസ്.പത്മനാഭ പണിക്കരുടെ കവിരാമായണം എന്നീ കൃതികളിൽ അക്കാലത്തെ പ്രശസ്തരായ എഴുത്തുകാരോടൊപ്പം ഉദയവർമരാജയെയും വർണിക്കുന്നുണ്ട്. "ഗീർവാണഭാഷയുടെ പുഷ്ടി വരുത്തുവാനായ് സർവാത്മനാ സതതവും പണിചെയ്തു' മേവുന്ന സർവൈകവന്ദ്യതരനായാണ് മൂലൂർ അദ്ദേഹത്തെ ചിത്രീകരിക്കുന്നത്. കേരളത്തിൽ സംസ്കൃതപ്രചാരണത്തിനു മുന്നിട്ടിറങ്ങിയവരിൽ ഉദയവർമരാജയുടെ സ്ഥാനം അദ്വിതീയമാണ്. - "പതിനൊന്നാംശതകത്തിന്റെ ഉത്തരാർദ്ധത്തിൽ കേരളസാഹിത്യസൗധം താങ്ങിനിന്നതു മൂന്നു കാഞ്ചനസ്തംഭങ്ങളിലായിരുന്നു. അവയിൽ ഒന്നു തിരുവനന്തപുരത്തും മറ്റൊന്നു കോഴിക്കോട്ടും വേറിട്ടൊന്നു കടത്തനാട്ടുമാണ് പരിലസിച്ചിരുന്നത്. കേരളവർമ വലിയകോയിതമ്പുരാനെയും മാനവിക്രമ ഏട്ടൻ തമ്പുരാനെയും കടത്തനാട്ട് ഉദയവർമത്തമ്പുരാനെയുമാണ് ഞാൻ സൂചിപ്പിക്കുന്നതെന്നു പറയേണ്ടതില്ലല്ലോ' എന്ന് കേരളസാഹിത്യ ചരിത്രത്തിൽ ഉള്ളൂർ ഉദയവർമരാജയുടെ ഭാഷാസാഹിത്യസേവനങ്ങളെ വിലയിരുത്തുന്നു.

"വടക്കേമലയാളത്തിൽ കടത്തനാട്ട് ഉദയവർമത്തമ്പുരാനുംകോഴിക്കോട് മാനവിക്രമ ഏട്ടൻ തമ്പുരാനും കൊച്ചിയിൽ അപ്പൻ തമ്പുരാനും കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരും (കൊച്ചുണ്ണി തമ്പുരാനും കുഞ്ഞിക്കുട്ടൻ തമ്പുരാനും) തിരുവിതാംകൂറിൽ കോയിത്തമ്പുരാക്കന്മാരും (വലിയ കോയിത്തമ്പുരാനും എ.ആർ.രാജരാജവർമ കോയിത്തമ്പുരാനും) കേരളത്തിൽ അന്നത്തെ

സാഹിത്യമണ്ഡലേശ്വരന്മാരിൽ പ്രാമാണികന്മാരായിരുന്നു' എന്ന് പദ്യസാഹിത്യചരിത്രത്തിൽ ടി.എം.ചുമ്മാർ എഴുതുന്നു.

"കോഴിക്കോട് ഏട്ടൻ തമ്പുരാനും കടത്തനാട്ട് ഉദയവർമ്മ തമ്പുരാനും ഭാഷാപോഷണത്തിൽഅതീവ തല്പരന്മാരായിരുന്നു. ഇങ്ങനെ എല്ലാവരും യോജിച്ച ഭാഷയെ മുന്നോട്ടുകൊണ്ടുവരാനുള്ള യത്നം മുൻപെങ്ങും ഇത്ര കേമത്തിൽ ഉണ്ടായിട്ടില്ല. ഉണർന്ന ഭാഷയുടെ ഉച്ചാരമല്ലായിരുന്നു അത്. പ്രഭാതം മാത്രം. എന്നാൽ ഒന്നാന്തരം തെളിഞ്ഞ പ്രഭാതം. ഇതിനുആരെല്ലാം ശ്രമിച്ചു എന്നു വിസ്തരിച്ചുപറയാൻ പ്രയാസം.തിരുവനന്തപുരത്തു കേരളവർമയുടെ നേതൃത്വം.കോട്ടയത്തു ശങ്കുണ്ണിയുടെ ചരടുപിടുത്തം. കൊടുങ്ങല്ലൂർ ഭാഷാഭഗവതിക്ക് ഒരു ചാന്താട്ടം. കോഴിക്കോട്ടും തൃശ്ശിവപേരൂരുംകുന്നംകുളത്തും കുറച്ചുപേരുടെ പതിഞ്ഞാട്ടം. കടത്തനാട്ട് കവനോദയക്കാരുടെ മറ്റൊരു പിത്തലാട്ടം.എല്ലായിടങ്ങളിലുംപരന്നുതുടങ്ങിയ ഭാഷാപ്രേമത്തിനു നല്ല വിളയാട്ടം' എന്ന് മാട*ശ്ശേ*രി മാധവവാരിയർ കുഞ്ചന്റെശേഷം എന്ന ഗ്രന്ഥത്തിൽ ഉദയവർമരാജായുടെ കാലത്ത് ഭാഷാസാഹിത്യ രംഗത്തുണ്ടായ ഉണർവിനെ പ്രതിപാദിക്കുന്നു.

**പതിനൊന്ന്**

രോഗാതുരമായ ഒരു ശരീരവുമായാണ് അദ്ദേഹം തന്റെ കർമങ്ങളത്രയും ചെയ്തുതീർത്തത്."കടത്തനാട്ടു പോർളാതിരി ഉദയവർമ്മ ഇളയതമ്പുരാൻ അവ*ർകൾ*ക്ക് അർശസ്സ്. ഗുമ്മൻ, കാമില എന്നീ രോഗങ്ങളുടെ പീഡയാൽ' വളരെ അസ്വാസ്ഥ്യം നേരിട്ടിരിക്കുന്നതായി 1906 ആഗസ്ത് 8ലെ മലയാള മനോരമ റിപ്പോർട്ട് ചെയ്യുന്നു. "കോഴിക്കോട്ടെ ഡോക്ടർവറുഗീസിന്റെ ചികിത്സയിൽഇരിക്കുന്ന കടത്തനാട്ട്ഉദയവർമ ഇളയതമ്പുരാനവർകൾക്കു ഇപ്പോഴും നല്ല സുഖമില്ലെ'ന്നു ആഗസ്ത് 29 ലെ പത്രത്തിലുമുണ്ട്. വിശ്രമമില്ലാത്ത ജോലിയും നിരന്തരയാത്രകളും അദ്ദേഹത്തിന്റെആരോഗ്യം കെടുത്തി.

മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും ആധുനികീകരണത്തിനും പോഷണത്തിനും സമർപ്പിക്കപ്പെട്ടതായിരുന്ന ആ ജീവിതം. ആധുനികതയുടെ വെളിച്ചം പെയ്ത ആവിളക്കുമരത്തെക്കുറിച്ച് ഒരു ഓർമപ്പെടുത്തലാണ് ഈ ലേഖനം.

*അസി.പ്രൊഫസർ, മലയാളവിഭാഗം, ഗവ.കോളേജ്, മടപ്പള്ളി*